# KANNUR UNIVERSITY

## MINUTES OF THE ANNUAL MEETING OF THE SENATE

**DATE: 30th MARCH 2023 (THURSDAY)**
**TIME: 10.00 AM**
**VENUE: STUDENTS' AMENITY CENTRE**

**MEMBERS PRESENT:**

1. Prof. Gopinath Ravindran (Vice-Chancellor).
2. Prof. Sabu.A (Pro-Vice-Chancellor).
3. Dr. T.P. Ashraf.
4. Dr. A. Ashokan.
5. Dr. K.T. Chandramohanan.
6. Prof (Dr). Prasadan P K.
7. Sri. Pramod Kumar K.V.
8. Dr. Rakhi Raghavan.
9. Sri. M.C. Raju.
10. Dr:P.P.Jayakumar
11. Prof.(Dr).K.Sreejith.
12. Prof.P.Mahesh Kumar.
13. Prof. V Lissy Mathew.
14. Smt. Sreelekha M.
15. Sri. M Vijin
16. Smt. P P Divya
17. Smt.N Sukanya.
18. Dr. Manjula K.V.
19. Sri. Vijayan K.
20. Dr. Swarupa R.
21. Dr. M Sini
22. Sri. Jayakrishnan T.V.
23. Dr. Ismail Olayikkara.
24. Sri. Shanavas S.M.
25. Smt. Latha E.S.
26. Dr. R.K. Biju.
27. Dr. Premachandran Keezhoth.
28. Smt. Sona P.
29. Dr. Suresh Kumar K.S.
30. Dr. Shanoj M P.
31. Sri. Saju .P.J.
32. Sri. Sethumadhavan T.

33. Sri. Satheesan P.K.
34. Sri. K K Narayanan
35. Sri. T Prabhakaran
36. Adv. P Appukuttan.
37. Sri. Sarang K, Chairman, University Union.

Also present: Dr. Joby K Jose, Registrar in Charge

8.01 Prof. Gopinath Ravindran, Vice-Chancellor took the chair and called the meeting to order at 10 am.

8.02 The meeting thereafter considered the items on the agenda.

I. **Questions asked by the Members of the Senate and answers thereto by the Syndicate.**

Q.No. 1
Dr. R.K. BIJU

സർവ്വകലാശാല പഠന വകുപ്പുകളിലും, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായ വിഷയവുമായി ബന്ധപ്പെട്ട് പഠിക്കുവാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണ്? പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?

ഉത്തരം - ഡോ. ടി പി അഷ്റഫ് - സർവ്വകലാശാല പഠന വകുപ്പുകളിലും, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിലും ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായ വിഷയവുമായി ബന്ധപ്പെട്ട് പഠിക്കുവാൻ കമ്മിറ്റിയെ നിയോഗിക്കുന്ന വിഷയം 14/03/2023 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും 2023.136 നമ്പർ തീരുമാന പ്രകാരം അഡ്മിഷൻ കമ്മിറ്റി കൺവ്വീനറെ കൂടാതെ എയ്ഡഡ് കോളേജുകളെ പ്രതിനിധീകരിച്ച് ശ്രീ. പ്രമോദ് കുമാർ കെ.വി, ഗവൺമെന്റ് കോളേജുകളെ പ്രതിനിധീകരിച്ച് ഡോ. കെ.ടി. ചന്ദ്രമോഹനൻ, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളെ പ്രതിനിധീകരിച്ച് ഡോ. ശ്രീജിത്ത് കെ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

8.03 പ്രസ്തുത കമ്മിറ്റി ഔപചാരികമായി ചേർന്നിട്ടില്ല. അനൗപചാരികമായി സീറ്റുകളുടെ എണ്ണവും ഓരോ കോഴ്സിനും ലഭ്യമായിട്ടുള്ള സീറ്റുകളിലേക്കുള്ള അപേക്ഷകരുടെ എണ്ണവും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് സമർപ്പിക്കുന്നതായിരിക്കും.

8.04 പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഇന്നത്തെ സെനറ്റ് യോഗത്തിൽ വെക്കുമെന്നാണ് കഴിഞ്ഞ മീറ്റിങ്ങിൽ അറിയിച്ചിരുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ഡോ. ആർ.കെ ബിജു ഉപചോദ്യം ഉന്നയിച്ചു.

8.05 ഇപ്പോൾ പറഞ്ഞ മറുപടി തന്നെ വ്യക്തമാണെന്ന് ചെയർ പറഞ്ഞു.

8.06 സാധാരണ ഗതിയിൽ സെനറ്റിൽ തീരുമാനമാകുന്നത് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വന്നതിന് ശേഷം മാത്രമേ ഔപചാരികമായി സർവ്വകലാശാലയ്ക്ക് ഉത്തരവ് ഇറക്കാൻ സാധിക്കുകയുള്ളൂ എന്നും മാർച്ച് 14 ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഈ വിഷയം വരികയും അത് അംഗീകരിക്കുകയും സർവ്വകലാശാല ഉത്തരവ് ഇറക്കുകയും ചെയ്തിട്ടുണ്ട് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി പി അഷ്റഫ് മറുപടി പറഞ്ഞു.

Q.No. 2

Dr. JAYAKRISHNAN T.V

2023 ജനുവരിക്ക് ശേഷം നടന്ന ഏതെങ്കിലും മൂല്യനിർണ്ണയ ക്യാമ്പുകളിൽ സ്പോട്ട്പെയ്മെന്റ് സംവിധാനം നടപ്പിൽ വരുത്താൻ സാധിച്ചിട്ടുണ്ടോ? സ്പോട്ട്പെയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ?

<u>ഉത്തരം - ഡോ. പി.പി ജയകുമാർ</u> - 2023 ജനുവരിയിൽ താവക്കര ക്യാമ്പസിൽ നടന്ന III Sem UG/PG മൂല്യനിർണ്ണയ ക്യാമ്പുകളിലെ അദ്ധ്യാപകരുടെ പ്രതിഫലം Spot Payment രീതിയിൽ നടത്തിയിട്ടുണ്ട്. വ്യത്യസ്ഥ സ്ഥലങ്ങളിൽ നടക്കുന്ന മുഴുവൻ മൂല്യ നിർണ്ണയ ക്യാമ്പുകളിലും Spot Payment കുറ്റമറ്റ രീതിയിൽ നടത്താനുള്ള മനുഷ്യവിഭവ ശേഷി നിലവിൽ പരീക്ഷ വിഭാഗത്തിൽ ഇല്ല. മതിയായ ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

8.07 ഇത് പരിഹരിക്കുന്നതിനായി ശ്രമിക്കുമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പി പി ജയകുമാർ പറഞ്ഞു.

8.08 കൂടുതൽ ജീവനക്കാർ ഉണ്ടെങ്കിൽ മാത്രമേ Spot Payment നടത്താൻ കഴിയും എന്നാണോ ഇതിന്റെ അർത്ഥം എന്നും ജീവനക്കാരുടെ തസ്തിക ഇനിയും സൃഷ്ടിക്കേണ്ടിവരുമോ എന്നും ഡോ. ജയകൃഷ്ണൻ ടി വി ചോദിച്ചു.

8.09 വ്യത്യസ്ത ക്യാമ്പുകളിലാണ് വാലേഷൻ നടക്കുന്നത്. അപ്പോൾ എല്ലാ ക്യാമ്പുകളിലേയും ബില്ലുകൾ ഇവിടെ സബ്മിറ്റ് ചെയ്ത് പരിശോധന നടത്തിയതിനുശേഷമേ പേമെന്റ് നടത്താൻ സാധിക്കുകയള്ളൂ എന്നും കൂടാതെ താവക്കര ക്യാമ്പസിൽ നടന്ന ഒരു വാലേഷൻ ക്യാമ്പിൽ കഴിഞ്ഞ പ്രാവശ്യം Spot Payment നടത്താൻ സാധിച്ചിട്ടുണ്ട് എന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. പി.പി ജയകുമാർ പറഞ്ഞു.

Q.No. 3
Smt SONA P

സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം - ശ്രീമതി. എം ശ്രീലേഖ - ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) രീതിയിൽ വിവിധ പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി ഡിസ്റ്റൻസ് എജ്യുക്കേഷൻ ബ്യൂറോയിൽ നിന്ന് സർവ്വകലാശാലയ്ക്ക് 2019-2020 അധ്യയന വർഷം വരെ മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. യുജിസി വ്യവസ്ഥകൾ പ്രകാരം, ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) രീതിയിൽ പ്രോഗ്രാമുകൾ നടത്തുന്നതിന് അപേക്ഷിക്കുന്നതിന് NAAC സ്കോർ 3.01 ആവശ്യമാണ്. കണ്ണൂർ സർവ്വകലാശാലയ്ക്ക് നാക് അക്രഡിറ്റേഷൻ ഗ്രേഡ് ബി (സ്കോർ 2.19) ആയിരുന്നതിനാൽ 2020-21, 2021-22 അധ്യയന വർഷങ്ങളിൽ ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) രീതിയിലെ പ്രോഗ്രാമുകൾ തുടരുന്നതിന് സർവ്വകലാശാല അപേക്ഷിച്ചിട്ടില്ല. നിലവിൽ, കണ്ണൂർ സർവ്വകലാശാലയ്ക്ക് നാക് അക്രഡിറ്റേഷൻ 2.85 സ്കോറോടെ ബി++ ഗ്രേഡ് ആണ് ഉള്ളത്. അതിനാൽ, 2022-23 അധ്യയന വർഷത്തിലും ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) രീതിയിൽ പ്രോഗ്രാമുകൾ നടത്തുന്നതിന് യുജിസി അംഗീകാരത്തിന് സർവ്വകലാശാല അപേക്ഷിച്ചിട്ടില്ല.

എന്നാൽ, വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യം നിലനിർത്തുന്നതിനായി 2020-21, 2021-22 അധ്യയന വർഷങ്ങളിൽ സർക്കാർ അനുമതിയോടെ സർവ്വകലാശാല വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ സ്കീമിന്റെ കീഴിൽ പ്രവേശനം നടത്തി. 27/10/2022 ലെ ഇനം നം. 2022.579, 15/11/2022 ലെ ഇനം നം. 2022.618, 20/12/2022 ലെ ഇനം നം. 2022.677, 12/01/2023 ലെ ഇനം നം. 2023.001 എന്നീ സിൻഡിക്കേറ്റ് യോഗതീരുമാനങ്ങളനുസരിച്ച് ബി.എ ഹിസ്റ്ററി, ബി.എ ഇക്കണോമിക്സ്, ബി.എ അഫ്സൽ-ഉൽ-ഉലമ, ബി.എ പൊളിറ്റിക്കൽ സയൻസ്, ബി.എ കന്നഡ, ബാച്ചിറൽ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബി.ബി.എ.), ബി.കോം (കോ-ഓപ്പറേഷൻ), എം.എ ഇക്കണോമിക്സ്, എം.എ ഹിസ്റ്ററി, എം.എ അറബിക്, അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി, അഡീഷണൽ ഓപ്ഷണൽ കോ-ഓപ്പറേഷൻ (ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല വിജ്ഞാപനം ചെയ്തവ ഒഴികെ) എന്നീ പ്രോഗ്രാമുകളിലേക്ക് 2022-23 അധ്യയന വർഷം പ്രവേശനം അനുവദിച്ചിട്ടുണ്ട്.

Q.No. 4
Sri. SHANAVAS S.M.

കോമേഴ്സ് വകുപ്പ് തുടങ്ങുന്നതിനു സർവ്വകലാശാല വല്ല നടപടിയും സ്വീകരിച്ചിരുന്നുവോ? ഈ വിഷയത്തിൽ ഇതുവരെ എടുത്ത നടപടികൾ എന്തൊക്കെ?

<u>ഉത്തരം -</u> 26/03/2022 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ Acad A1/1111/Academic Council Agendas/2021 (1) പ്രകാരം കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരത്തുള്ള ഡോ. പി.കെ രാജൻ മെമ്മോറിയൽ ക്യാമ്പസ്സിൽ 'ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് ആന്റ് ബിസിനസ് സ്റ്റഡീസ്' എന്ന പേരിൽ കോമേഴ്സ് പഠന വകുപ്പ് ആരംഭിച്ച്, 2022 - 23 അധ്യയന വർഷം മുതൽ എം കോം (5 ഇയർ ഇന്റഗ്രേറ്റഡ്) പ്രോഗ്രാം (CBCSS) നടത്തി വരുന്നുണ്ട്.

8.10 ചോദ്യകർത്താവ് തത്സമയം ഹാജരല്ലാത്തതിനാൽ ചോദ്യം ഉന്നയിക്കാൻ സാധിച്ചില്ല.

## Q.No. 5
## Dr. SURESH KUMAR K.S

കണ്ണൂർ സർവ്വകലാശാലയിലെ ഡീൻമാരുടെ കാലാവധി അവസാനിച്ചോ? ഡീൻ നിയമനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഡീൻ ആയി അതാത് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ തന്നെ വേണമെന്ന് യൂണിവേഴ്സിറ്റി നിയമങ്ങളിൽ അനുശാസിക്കുന്നുണ്ടോ?

<u>ഉത്തരം - പ്രൊഫ.(ഡോ.) പ്രസാദൻ പി കെ</u> - കണ്ണൂർ സർവ്വകലാശാലയിലെ ഡീൻമാരുടെ കാലാവധി അവസാനിച്ചിട്ടുണ്ട്. ഡീൻ ആയി അതാത് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ തന്നെ വേണമെന്ന് യൂണിവേഴ്സിറ്റി നിയമങ്ങളിൽ അനുശാസിക്കുന്നില്ല. പുതിയ ഡീൻമാരുടെ ലിസ്റ്റ് 02/03/2023 ന് ബഹു. ചാൻസിലർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

## Q.No. 6
## Dr. R.K. BIJU

സർവ്വകലാശാല പരീക്ഷാ കൺട്രോളറുടെ റാങ്ക് ലിസ്റ്റിൽ ഒന്നാമത് എത്തിയ ഉദ്യോഗാർത്ഥി ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലോ, സ്വാശ്രയ കോളേജുകളിലോ, സർവ്വകലാശാല പഠന വകുപ്പുകളിലോ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ മേൽപറഞ്ഞിട്ടുള്ള ഏതൊക്കെ വിഭാഗത്തിൽപെടുന്ന സ്ഥാപനത്തിലാണ് അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുള്ളത്? ഓരോ സ്ഥാപനത്തിലുമുള്ള സേവന കാലയളവ് എത്രയാണ്?

<u>ഉത്തരം - ശ്രീമതി. എൻ സുകന്യ</u> - സർവ്വകലാശാല പരീക്ഷാ കൺട്രോളറുടെ റാങ്ക് ലിസ്റ്റിൽ ഒന്നാമത് എത്തുകയും സർവ്വകലാശാല പരീക്ഷാ കൺട്രോളറായി നിയമിതനാവുകയും ചെയ്ത ഡോ. മുഹമ്മദ് ഇസ്മായിൽ ബി അദ്ധ്യാപകനായി സേവനം അനുഷ്ടിച്ചിട്ടുള്ള സ്ഥാപനങ്ങൾ, സേവന കാലയളവ് ഇവയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| Sl. No | Designation and Details of Institutions | Affiliation | Period |
|---|---|---|---|
| 1. | Assistant Professor, Al Habeeb College of Engineering & Technology, Hyderabad | Affiliated to JNTUH, Hyderabad | 01/05/2005 to 30/06/2006 |
| 2. | Assistant Professor, Muffukham Jah College of Engineering & Technology | Affiliated to Osmania University, Hyderabad | 01/07/2006 to 04/11/2017 |
| 3. | Professor, CSE, KLEF University, Hyderabad | Deemed to be University | 06/11/2017 to 02/11/2020 |
| 4. | Associate Professor, Dept. of Information & Technology, Kannur University | University Department | 03/11/2020 to 05/07/2022 |

Q.No. 7
Smt SONA P

രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല നൽകിയ അഫിഡവിറ്റിൽ – A teacher in a college is not involved in setting up courses, course content, text book, reference literature, question papers etc. Teaching in college and University are not identical or similar work. A Teacher in a college is not assisting the University in framing Academic content എന്ന വാസ്തവവിരുദ്ധവും അധാർമ്മികവും കോളേജ് അദ്ധ്യാപകരെ ഇകഴ്ത്തുന്നതുമായ പരാമർശമുള്ള വാചകങ്ങൾ ഉൾപ്പെട്ടത് എങ്ങനെയാണ്? ഈ സത്യവാങ്മൂലം നൽകും മുമ്പ് സർവ്വകലാശാലയുടെ ഏതെങ്കിലും സമിതികളിൽ ഇതു സംബന്ധിച്ച ആലോചന നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഈ പ്രസ്താവനക്ക് സമിതി അംഗീകാരം രേഖപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം - ഡോ. ടി.പി അഷ്റഫ്</u> - രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട W.P.(C) No.40646/2022 കേസിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്ന് കണ്ടെത്തുകയും അത് പരിശോധിക്കുന്നതിന് വേണ്ടി ഒരു ഉപ സമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ചെയർമാൻ ആയി വൈസ് ചാൻസിലറേയും, കൺവീനറായി ഡോ.പി.പി ജയകുമാറിനേയും സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ടി.പി. അഷ്റഫ്, ഡോ. കെ.ടി. ചന്ദ്രമോഹനൻ, ഡോ. എ. അശോകൻ എന്നിവരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 2023.069 നമ്പർ തീരുമാനം 31.01.2023 നു ചേർന്ന സിൻഡിക്കേറ്റ് യോഗം കൈക്കൊണ്ടിട്ടുണ്ട്.

8.11 പ്രസ്തുത കമ്മിറ്റിയുടെ ആദ്യ സിറ്റിംഗ് 25/03/2023 ന് ചേർന്നിട്ടുണ്ടെന്നും രണ്ടാമത്തെ സിറ്റിംഗ് 04/04/2023 ന് ചേരാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിനുശേഷം പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർവ്വകലാശാലയ്ക്ക് സമർപ്പിക്കുന്നതായിരിക്കും എന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി പി അഷ്റഫ് പറഞ്ഞു.

Q.No. 8

Dr. SURESH KUMAR K.S

ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ച് സർക്കാർ നയപരിപാടികൾ ആവിഷ്കരിക്കുമ്പോഴും ഗവർണർ ബോർഡ് ഓഫ് സ്റ്റഡീസ് ലിസ്റ്റ് അംഗീകരിക്കാത്തതിനാൽ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പി.ജി. കരിക്കുലം, സിലബസ്സ് പരിഷ്കാരങ്ങൾ നടക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. വർഷങ്ങൾ പഴക്കമുള്ള സിലബസ്സാണ് വിദ്യാർത്ഥികൾ ഇപ്പോഴും പഠിക്കുന്നത്. വരുന്ന അധ്യയന വർഷത്തിലെങ്കിലും പി.ജി. കരിക്കുലം, സിലബസ്സ് പരിഷ്ക്കരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ വി</u> - സർവ്വകലാശാലയിൽ പഠന ബോർഡുകൾ നിലവിലില്ലാത്ത സാഹചര്യം പരിഗണിച്ച സിൻഡിക്കേറ്റ്, അഫിലിയേറ്റഡ് കോളേജുകളിൽ 2023-24 അക്കാദമിക് വർഷം പി.ജി. കരിക്കുലം /സിലബസ് പരിഷ്കരണത്തിനു വേണ്ടി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചത് പ്രകാരം 16/02/2023 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ Acad/C1/21246/2019 പ്രകാരം അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയും, ആയത് ബന്ധപ്പെട്ട അംഗങ്ങൾക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. പി.ജി. കരിക്കുലം ഷെഡ്യൂൾ ചർച്ച ചെയ്യുന്നതിന് 15/03/2023 ന് കരിക്കുലം റീസ്ട്രക്ചറിങ്ങ് കമ്മിറ്റിയുടെ മീറ്റിംഗ് ചേരാൻ തീരുമനിച്ചിട്ടുണ്ട്.

8.12 ഇതിന്റെ അടിസ്ഥാനത്തിൽ 15/03/2023 ന് ഒരു ഫുൾ ഡെ വർക്ക് ഷോപ്പ് അക്കാദമിക് കമ്മിറ്റി അംഗങ്ങളേടും അഡ്ഹോക്ക് കമ്മിറ്റി കൺവീനർമാരെയും കരിക്കുലം കമ്മിറ്റി അംഗങ്ങളേയും വിദ്യാർത്ഥി പ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം ചേരുകയും ജൂൺ ആദ്യവാരം സിലബസ് കൊണ്ടുവരാൻ ആവശ്യമായിട്ടുള്ള ഒരു ഷെഡ്യൂളും അംഗീകരിച്ചുകൊണ്ട് ആ പ്രവർത്തനം സജീവമായി മുന്നോട്ട് പോവുകയാണ്.

8.13 പി ജി കരിക്കുലം സിലബസ്സുമായി ബന്ധപ്പെട്ടിട്ടുള്ള കമ്മിറ്റിയാണ് ഉണ്ടാക്കിയതെന്ന് മനസ്സിലാക്കുന്നു എന്നും പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അംഗങ്ങൾക്കും പി ജി ടീച്ചിങ് എക്സ്പീരിയൻസ് ഉണ്ടോ അല്ല നിലവിൽ ഗവേഷണ മേഖലയിൽ ആക്ടീവായി ഇൻവോൾവ് ചെയ്യുന്നവരാണോ എന്നും ഡോ. ആർ കെ ബിജു ചോദിച്ചു.

8.14 പി ജി എക്സ്പീരിയൻസ് ഉള്ള ആളുകളും ഗവേഷണ മേഖലയിൽ പ്രാവീണ്യം ഉള്ളവരും മുൻകാല ബോർഡുകളിൽ പലരും പ്രാവീണ്യം തെളിയിച്ചതുപോലെ തന്നെ അവർക്കും ഈ ബോർഡിൽ പ്രാവീണ്യം തെളിയിക്കാൻ പറ്റുമെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ വി പറഞ്ഞു.

Q.No. 9

Dr. ISMAIL OLAYIKKARA

യൂണിവേഴ്സിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ ധനസമാഹരണം നടത്തുന്നതിനായി ഗവൺമെന്റുമായി യൂണിവേഴ്സിറ്റി ആലോചനകൾ നടത്തിയിട്ടുണ്ടോ? ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം - ശ്രീ. പ്രമോദ് കുമാർ കെ വി</u> - സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും, പദ്ധതിയേതര വിഹിതം അനുവദിച്ചുവരുന്നതിലെ കാല താമസവും, മറ്റ് അനുബന്ധ വിഷയങ്ങളേയും കുറിച്ച്, സർവ്വകലാശാലയുടെ പ്രതിനിധി സംഘം ബഹു. മുഖ്യമന്ത്രി, ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി, ബഹു. ധനകാര്യ മന്ത്രി എന്നിവരെ 15/02/2023 ന് നേരിൽ കണ്ട് ചർച്ച ചെയ്തിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിലെ സർവ്വകലാശാലയുടെ പ്രതീക്ഷിത വരുമാനവും ചെലവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളും കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി/പദ്ധതിയേതര വിഹിതത്തിനായി സർക്കാരി ലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചത്. പക്ഷെ എല്ലാ വർഷവും പദ്ധതിയേതര ഇന ത്തിൽ അനുവദിച്ചു പോരുന്ന 10% വർദ്ധനവ് ഈ സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിട്ടില്ല. പ്രസ്തുത വിഷയവും സർവ്വകലാശാലയ്ക്ക് ആവശ്യമായി വരുന്ന അധിക തുകയുടെ വിശദാംശങ്ങളും ഉൾപ്പെടുത്തികൊണ്ടുള്ള പ്രൊപ്പോ സൽ സർക്കാരിന്റെ സബ്ജെക്ട് കമ്മിറ്റിയുടെ പരിഗണനയിലേക്ക് 08/02/2023 തീയ്യതിയിലെ Fin B1/8492/suppl grant/2023-24 നമ്പർ കത്ത് മുഖേന സമർപ്പിച്ചിട്ടുണ്ട്.

8.15 ഈ മീറ്റിങ്ങിൽ വളരെ പോസിറ്റീവ് ആയിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ മന്ത്രിയും, ധനകാര്യ മന്ത്രിയും സർവ്വകലാശാലയുടെ പ്രശ്ന ങ്ങളോട് സമീപിച്ചിട്ടുള്ളത് എന്നും അനുഭാവപൂർണ്ണമായ നടപടികൾ സ്വീകരിക്കും എന്നാണ് വിശ്വാസം എന്നും ശ്രീ. പ്രമോദ് കുമാർ കെ വി പറഞ്ഞു.

Q.No. 10
Dr. M.P. SHANOJ

രജിസ്ട്രാർ തസ്തികയിലേക്ക് കോളേജ് അദ്ധ്യാപകർക്കുകൂടി അപേക്ഷിക്കാൻ സാധിക്കുന്ന തരത്തിൽ നിലവിലുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിച്ചുകൊണ്ട് യൂണിവേഴ്സിറ്റി ഓർഡിനൻസ് ഭേദഗതി വരുത്താൻ ബഹുമാനപ്പെട്ട ഗവർണ റുടെ അനുമതി തേടിയിരുന്നല്ലോ. ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണ്?

<u>ഉത്തരം - പ്രൊഫ.(ഡോ.) പി മഹേഷ് കുമാർ</u> - രജിസ്ട്രാർ തസ്തികയി ലേക്കുള്ള നിയമനത്തിന് യു.ജി.സി നിശ്ചയിച്ച വ്യവസ്ഥകൾക്കനുസൃതമായി യോഗ്യതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി സർവ്വകലാശാല ഓർഡിനൻസ് ഭേദഗതി വരുത്തുന്നതിനുള്ള പ്രപ്പോസലിന് ബഹു. ചാൻസിലറുടെ അനുമതി ലഭിച്ചിട്ടില്ല. രജിസ്ട്രാർ തസ്തികയുടെ പ്രൊപ്പോസൽ തയ്യാറാക്കി 24/03/2020 തീയ്യതിയിലെ PLD/A2/22684/2019 നമ്പർ കത്ത് പ്രകാരം ബഹു. ചാൻസിലറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ 27/03/2021 തീയ്യതിയിലെ ബി2/206/2020/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയും 11/06/2021 തീയ്യതിയിലെ PLD/A2/22684/2019 നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം നൽകുകയും ചെയ്തിരുന്നു. കൂടാതെ 03/12/2020, 03/06/2021 തീയ്യതികളിൽ ഓർമ്മക്കുറിപ്പുകൾ അയക്കുകയും ചെയ്തിരുന്നു. 05/05/2022 തീയ്യതിയിലെ 2022.175 നമ്പർ സിൻഡി ക്കേറ്റ് തീരുമാന പ്രകാരം 19/05/2022 തീയ്യതിയിലെ PLD/A2/22684/2019 നമ്പർ

കത്ത് പ്രകാരം വീണ്ടും ഓർമ്മക്കുറിപ്പ് അയക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായി മറുപടിയൊന്നും ലഭിച്ചിട്ടില്ല.

Q.No. 11

Dr. PREMACHANDRAN KEEZHOTH

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരീക്ഷാ നടത്തിപ്പിൽ ചോദ്യപേപ്പറുകൾ അതാത് കോളേജുകൾ 11/2 മണിക്കൂർ മുമ്പെ പ്രിന്റൗട്ട് എടുത്ത് കൊടുക്കണമെന്ന യൂണിവേഴ്സിറ്റി നിർദ്ദേശപ്രകാരം എത്ര കോളേജുകളിലാണ് പ്രസ്തുത രീതി യിൽ ചോദ്യപേപ്പറുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളത്? എത്ര കോളേജുകളിൽ ഒബ്സർവർമാർ പോയിട്ടുണ്ട്?/നിയമിച്ചിട്ടുണ്ട്?

<u>ഉത്തരം - ഡോ. രാഖി രാഘവൻ</u> - ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷ (നവംബർ 2022) നടന്ന മുഴുവൻ കോളേജുകളിലും (90 കോളേജുകളിൽ) പ്രസ്തുത രീതിയിൽ ചോദ്യപേപ്പറുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 80 കോളേജുകളിൽ ഒബ്സർവർമാർ പോയിട്ടുണ്ട്.

8.16 നമ്മുടെ പരീക്ഷാ വിഭാഗത്തിലെ റെഗുലർ സ്റ്റാഫുകളെയാണ് ഇതിനായി നിയമി ച്ചിരുന്നത് എന്നും ബാക്കിയുള്ള 10 കോളേജുകളിൽ സ്ക്വാർഡ് ഡ്യൂട്ടിയിലുള്ള ഉത്തരവാദപ്പെട്ട സർവ്വകലാശാല നിയമിച്ച സ്ക്വാർഡാണ് ഇതിന്റെ ചുമതല ഏറ്റെ ടുത്തത് എന്നും ബാക്കിയുള്ള 10 കോളേജുകളിൽ നിന്നൊന്നും തന്നെ പരാതിക ളൊന്നും ഇത് സംബന്ധിച്ച് ലഭിച്ചിട്ടില്ല.

Q.No. 12

Dr. MANJULA K.V

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ റിസർച്ച് സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം - പ്രൊഫ.(ഡോ.) ശ്രീജിത്ത് കെ</u> - സർവ്വകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ റിസർച്ച് സെന്റർ അനുവദിക്കുന്നതിനുള്ള നില വിലുള്ള മാനദണ്ഡങ്ങൾ

<u>STATUS OF RESEARCH CENTRE - REVISED GUIDELINES</u>

1. All Teaching / Research Departments / Centres / Inter University Centre`s / Central Library of the University shall be recognized as research centre`s of the University by default.

2. Post Graduates Departments of affiliated Colleges and Research Institutes / Laboratories Central / State Government coming under Kannur University jurisdiction with at least one qualified teachers/scientists in the Department concerned and aided colleges having at least two research guides in UG Dept. and at least one research guide in the PG Department along with required

infrastructure, supporting administrative and research promotion facilities shall be recognized as Research Centre of the University

i. The institution has to submit application for the status of Research Centre in the Format prescribed by the Kannur University First Statutes 1998, in Duplicate, with all supporting documents and with the prescribed fee set by the University from time to time.

ii. The institution shall be reputed Academic / Scientific institution OR an Affiliated College in the Government / Aided Sector, with Post Graduate department in the subject concerned.

iii. The centre should have its own building space to accommodate Library, Laboratory, Equipment and Exhibition materials to the standard of good Research Centre. The Library should have Journals and Books, adequate to sustain quality research in concerned subject.

iv. The Centre should have at least 3000 books in the concerned subject, 10 refereed journals (both national and international) and also a separate Computer Lab with internet facility exclusively for the Research Scholars.

v. The centre shall have successfully completed at least two externally funded research projects.

vi. The institution devoted to research shall not run on commercial lines.

vii. Only State / Central / Quasi / Semi / Public Undertaking / Research Centre of National or Regional importance shall be considered for the status of Research Centre.

viii. The Centre should have at least one Research Supervisor as Regular Faculty OR Staff eligible for recognition as Research Supervisor of Kannur University.

ix. The Agency which runs the institution shall submit an Undertaking to the University to the following effects.

a. Necessary facilities shall be provided to the Research Scholars admitted at the Centre.

b. Only University approved fee shall be collected from the Research Scholars.

c. Scholars shall not be admitted beyond sanctioned strength.

d. Academic Programmes like Seminars, Workshops, Projects etc will be undertaken.

e. A Report on the functioning of the Research Centre shall be submitted in the month of December every year

f. The rules, regulations, order, by-laws, Act & Statutes of Kannur University shall be complied with.

3. The Colleges / Institution affiliated to other Universities, either in the Government or Aided Sector are not eligible for the status of Research Centre under Kannur University.

4. If the application submitted for Research Centre is in order the same shall be placed before the Standing Committee of the Syndicate on Course, Research, Library and Publications (CRLP), for its scrutiny. This will be followed by an Inspection Commission, appointed by the Vice Chancellor consisting of a Syndicate Member and Two (2) subject Experts.

5. The Report of the Inspection Commission shall be placed before the Syndicate.

6. The Centre shall function as a Research Centre of Kannur University only on the basis of a written order of the University, in this regard.

7. It shall be the duty of the Head of the Research Centre to constitute an Ethical Committee and obtain clearance for the Research Project, wherever required.

8. In case of University Departments, the Head of the Department shall be the Head of the Research Centre subject to meeting minimum qualification of a research supervisor. In case of affiliated Colleges / Research Institutes / Intra or Inter University Centre`s, the Head of the Institution (Principal / Director) shall be the Head of the Research Centre.

9. The function of Research shall be periodically reported to the University, by the Head of Research Centre concerned. The University will conduct periodic inspection of Research Centre by a Peer / Administrative Team appointed.

10. The recognition granted to an institution as Research Centre, shall be withdrawn by the University, if the institution fails to satisfy the conditions prescribed by the University.

11. Research centre`s, granted approval by the University prior to the date of effect of Kannur University Minimum Standards and Procedure for Award of Ph.D. Degree Regulations, 2018 shall be permitted to remain as the research centre and to retain the research scholars who have applied for their registration

prior to date of commencement of these Regulations in force and continue their research.

12. The Research Centre will be reviewed by the University at least once in two years with a team of Subject Experts from the University.

ഇവ കാലോചിതമായി പരിഷ്കരിക്കാറുണ്ട്.

8.17 ഈ മാനദണ്ഡങ്ങൾ എല്ലാം പാലിച്ചുകൊണ്ട് തന്നെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജിൽ നിന്ന് 2022 ആഗസ്ത് മാസം റിസർച്ച് സെന്റ റായി ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ഈ മാനണ്ഡങ്ങളിൽ 2 (v) The centre shall have successfully completed at least two externally funded research projects എന്നുള്ള ഒരു കാരണം ഇല്ല എന്ന് പറഞ്ഞുകൊണ്ട് നിഷേധിച്ചിരിക്കയാണ്. അവിടെ 9 റിസർച്ച് സ്കോളേഴ്സ് ഉണ്ട് 4 പേർ റിസർച്ചിൽ പ്രൊജക്ട് ചെയ്തവരാണ്. പക്ഷെ 2016 ന് ശേഷം കോളേജിന് ഫണ്ടുകളൊന്നും ലഭിക്കു ന്നില്ല എന്നത് കൊണ്ട് തന്നെ കോളേജ് സെന്റർ വെച്ച് കൊണ്ട് റിസ്ർച്ച് പ്രൊജക്ട് നടത്തിയിട്ടില്ല. ഇത് കഴിഞ്ഞ അക്കാദമിക് കൗൺസിലിൽ പ്രമേയ മായി അവതരിപ്പിച്ചിരുന്നു. അത് അനുഭാവ പൂർവ്വം പരിഗണിക്കണമെന്നാണ് പറ യാനുള്ളത്. കാരണം 2016 ന് ശേഷം യു.ജി.സി ഫണ്ടുകളൊന്നും ഇല്ലാത്തതു കൊണ്ട് ആ സെന്ററിൽ നിലനിൽക്കുന്നവർ എന്നുള്ള രീതിയിൽ പ്രൊജക്ട് ചെയ്യാൻ പറ്റിയിട്ടില്ല. പക്ഷെ ഇതിൽ 4 പേർ റിസർച്ച് പ്രൊജക്ട് പൂർത്തിയാക്കിയ വരാണ്. 9 പേർ പി.എച്ച്.ഡി ഹോൾഡേഴ്സാണ്. റിസർച്ച് ഗെയ്ഡുമാരും അവിടെയുണ്ട് എന്ന് ഡോ. മഞ്ജുള കെ വി പറഞ്ഞു.

8.18 ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പരാതി പരിശോധിച്ച ശേഷം മറുപടി നൽകുന്ന താണ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ശ്രീജിത്ത് കെ പറഞ്ഞു.

8.19 Clause 2 ൽ പറഞ്ഞിരിക്കന്ന കാര്യങ്ങൾ Affiliated College in the Government / Aided Sector, with Post Graduate department in the subject concerned എന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ heading ൽ 2 വിൽ പരസ്പര വിരുദ്ധമായിട്ടാണ് കാണുന്നത്. Post Graduate department അവിടെ വേണോ എന്നുള്ളതാണ്. ഒരു condition നോടെ Under Graduate department കൾക്കും കൊടുക്കാമെന്നാണ് തൊട്ട് മുകളിൽ പറഞ്ഞിരിക്കുന്നത്. ഇത് പരസ്പര വിരുദ്ധമായിപ്പോയോ എന്ന് സംശയിക്കുന്നതായി ഡോ. ആർ കെ ബിജു പറഞ്ഞു.

8.20 ഇപ്പോൾ Post Graduate department മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. ഇത് പണ്ട് കൊടുത്തതാണ്. സർക്കാർ പറഞ്ഞത് പണ്ട് കൊടുത്തിട്ടുണ്ടെങ്കിൽ അവരെ നിങ്ങൾ റിസർച്ച് സെന്റർ ആക്കി നിങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ ചേർക്കാ നാണ് പറഞ്ഞത്. റൂൾ പ്രകാരം Post Graduate department മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ എന്ന് ചെയർ അറിയിച്ചു.

8.21 അപ്പോൾ കോളേജുകളുടെ കാര്യത്തിലും ഗൈഡുമാരുടെ കാര്യത്തിൽ ഇതേ പ്രശ്നം ഉണ്ടാവില്ലേ എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു.

8.22 Under Graduate കോളേജ് ആണെങ്കിൽ അവരെ ഇതിലേക്ക് കൊണ്ടുവരേണ്ടി വരും എന്ന് വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

Q.No. 13
Dr. VIJAYAN K

പരീക്ഷയിൽ റാങ്ക് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ഗ്രേസ് മാർക്ക് കിട്ടിയ കുട്ടികൾക്ക് റാങ്ക് നൽകാൻ പാടില്ല എന്ന തീരുമാനം യൂണിവേഴ്സിറ്റി എടുത്തിട്ടുണ്ടോ?

ഉത്തരം - ശ്രീ. എം.സി രാജു - ബിരുദ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ റാങ്ക് നിശ്ചയിക്കുന്നത് 18/03/2021 തീയ്യതിയിലെ അക്കാഡ് സി2/1012/2019 നമ്പർ ഉത്തരവ് പ്രകാരമാണ് (Rank Certificate (upto third rank) shall be issued instead of position certificate to UG 9 candidates w.e.f. 2019 admission onwards, on the basis of highest OGPA secured for the programme). സിൻഡിക്കേറ്റ് സബ് കമ്മിറ്റി തയ്യാറാക്കി അംഗീകരിച്ച ഗൈഡ് ലൈൻസ് പ്രകാരം ഗ്രേസ് മാർക്ക് റാങ്ക് നൽകുന്നതിന് പരിഗണിക്കുന്നില്ല. നിലവിലെ ഉത്തരവുകൾ പ്രകാരം ഗ്രേസ് മാർക്കായി ലഭിച്ച മാർക്ക് റാങ്കിനായി പരിഗണിക്കുന്നില്ല.

8.23 കണ്ണൂർ കൃഷ്ണമേനോൻ കോളേജിൽ ഈ വർഷം സ്പോർട്സിന് ഗ്രേസ് മാർക്ക് കിട്ടിയ കുട്ടി ഹിസ്റ്ററിയിൽ 92.5% മാർക്ക് വാങ്ങിച്ചിട്ടുണ്ടെന്നും ആ കുട്ടിക്ക് റാങ്ക് സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല എന്നും യൂണിവേഴ്സിറ്റിയിൽ അന്വേഷിച്ച സമയത്ത് അത് കൊടുക്കില്ല എന്നാണ് പറഞ്ഞത് എന്നും ഡോ: വിജയൻ പറഞ്ഞു. അങ്ങനെയെങ്കിൽ നിങ്ങൾ മാർക്ക് ലിസ്റ്റിൽ ഇത് സെപ്പറേറ്റ് ചെയ്ത് കാണിക്കാതെ ടോട്ടൽ മാർക്ക് കാണിക്കുമ്പോൾ ആ കുട്ടിക്ക് തന്നെയാണ് യൂണിവേഴ്സിറ്റിയിലെ ഫസ്റ്റ് പൊസിഷനും ഫസ്റ്റ് റാങ്കും. അപ്പോൾ അങ്ങനെ ഡിസ്ക്രിമിനേറ്റ് ചെയ്യുന്നത് ശരിയല്ല. അവരുടെ വിലപ്പെട്ട സമയങ്ങളിൽ ക്ലാസിലിരിക്കാതെ യൂണിവേഴ്സിറ്റിക്ക് വേണ്ടി പല അച്ചീവ്മെന്റുകളും നേടി. ഇത് നേടുന്നതിന് വേണ്ടി കൊടുക്കുന്ന മാർക്കാണ് ഗ്രേസ് മാർക്ക്. ഇത് യഥാർത്ഥ മാർക്കിനൊപ്പം കൂട്ടുമ്പോൾ ഗ്രേസ് മാർക്ക്, ഒറിജിനൽ മാർക്ക് എന്നിവയിൽ separation വരാൻ പാടില്ല. അതുകൊണ്ട് തന്നെ ഗ്രേസ് മാർക്ക് റാങ്കിങ്ങിന് പരിഗണിക്കേണ്ടതാണ് എന്നും ഡോ. വിജയൻ കെ അഭിപ്രായപ്പെട്ടു.

8.24 ആ കുട്ടി അവരുടെ അക്കാദമിക തലത്തിലുള്ള വിലപ്പെട്ട സമയമാണ് യൂണിവേഴ്സിറ്റിക്ക് വേണ്ടി അല്ലെങ്കിൽ അവർ പഠിക്കുന്ന സ്ഥാപനത്തിന് വേണ്ടി ചെലവഴിക്കുന്നത്. അതുകൊണ്ടാണ് ഗ്രേസ് മാർക്ക് കൊടുക്കുന്നത്. അത് ഒരു ആലോചനാ വിഷയമാക്കി മാറ്റേണ്ടതാണ് എന്ന് തോന്നുന്നു എന്ന് ശ്രീ. എം വിജിൻ അഭിപ്രായപ്പെട്ടു. ഇത് യൂണിവേഴ്സിറ്റി ഗൗരവമായി പരിഗണിക്കേണ്ടതാണ് എന്നും അദ്ദേഹം പറഞ്ഞു.

8.25 ഇതിന് ഗ്രേസ് മാർക്ക് എന്ന് പറയണോ എന്നും ഈ കുട്ടി സ്പോർട്ട്സ് കളിച്ചിട്ടോ, എൻ.സി.സി യ്ക്കോ കിട്ടിയതിന് ഗ്രേസ് മാർക്ക് എന്ന് പറയേണ്ടല്ലോ എന്നും ഗ്രേസ് മാർക്ക് ദാനം കൊടുക്കുന്ന മാതിരിയല്ലല്ലോ എന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു. ഇതൊക്കെ ചെയ്തിട്ടാണ് മാർക്ക് കിട്ടിയത് എന്നും അതിന്റെ നോമൻക്ലേച്ചർ മാറ്റാൻ പറ്റില്ലല്ലോ എന്നും ചെയർ അഭിപ്രായപ്പെട്ടു.

8.26 2019 ൽ ഒരു ഉപസമിതി ശ്രീ. നിശാന്ത് മാസ്റ്ററുടെ നേതൃത്വത്തിൽ ഇതിനെക്കുറിച്ച് പഠിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് റാങ്കിന് പരിഗണിക്കാത്തത് എന്നും മറ്റ് സർവ്വകലാശാലകളിൽ അന്വേഷിച്ചപ്പോൾ ആരും ഗ്രേസ് മാർക്ക് കൊടുക്കുന്നത് റാങ്കിന് പരിഗണിക്കുന്നില്ല.എന്ന് ഡോ. ടി പി അഷ്റഫ് പറഞ്ഞു. കണ്ണൂർ സർവ്വകലാശാലക്ക് മാത്രമായി ഈ വിഷയം പരിഗണിക്കാൻ പറ്റാത്ത സാഹചര്യമാണ് ഉള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ യുടെ അഭിപ്രായവും കൂടി പരിഗണിച്ച് മറ്റ് സർവ്വകലാശാലകളുമായി കൺസൽട്ട് ചെയ്ത് കൊടുക്കാമോ എന്ന് പരിശോധിക്കാവുന്നതാണ്. മൾട്ടിപ്പിൾ ഇന്റലിജൻസിന്റെ കാലഘട്ടത്തിൽ ഏതെങ്കിലും പ്രത്യേക ഇന്റലിജൻസിന് മാത്രം പ്രാധാന്യം കൊടുക്കുന്നത് ഒഴിവാക്കി എല്ലാ ഇനങ്ങളേയും പരിഗണിച്ചാണ് കൊടുക്കേണ്ടത്. മറ്റ് സർവ്വകലാ ശാലകളിൽ അത് ചെയ്യാത്തതുകൊണ്ടാണ് കണ്ണൂർ സർവ്വകലാശാല അത് ചെയ്യാത്തത് എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി പി അഷ്റഫ് പറഞ്ഞു.

8.27 ഗ്രേസ് മാർക്ക് എന്ന പേര് മാറ്റി മറ്റൊരു പേര് ഇതിന് വെക്കേണ്ടി വരും എന്ന് ചെയർ അഭിപ്രായപ്പെട്ടു.

8.28 ഗ്രേസ് മാർക്ക് എന്ന് പറയുന്നത് ഹയർ സ്റ്റഡീസിന് പോകുമ്പോൾ അവർക്ക് എൻ.എസ്.എസ്, എൻ.സി.സി എന്നിവയ്ക്ക് 15 മാർക്ക് കൊടുക്കുന്നത് പോലെ ഹയർ സ്റ്റഡീസിലേക്ക് കൊടുത്തുകൊണ്ട് അവർക്ക് പ്രോത്സാഹനം കൊടു ക്കണം എന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു. സർവ്വകലാശാലയ്ക്കും കോളേജിനും വേണ്ടിയാണ് അവർ സ്പോർട്ട്സ്, ആർട്സ് പരിപാടികളിൽ പങ്കെ ടുക്കുന്നത്. അവർ അക്കാദമിക ക്ലാസിൽ ഇരിക്കാതെയാണ് ഇതിനു വേണ്ടി പരി ശ്രമിക്കുന്നത്. അവരുടെ വിലപ്പെട്ട സമയം അതിനു വേണ്ടി ചെലവഴിച്ച് കോളേ ജുകൾക്കും യൂണിവേഴ്സിറ്റിക്കും അഭിമാനം ഉണ്ടാക്കുകയാണ്. അത് അവരുടെ ഉന്നത പഠനത്തിന് വേണ്ടി അഡീഷണൽ മാർക്ക് ആയി പരിഗണിച്ച് കൊണ്ട് ഗ്രേസ് മാർക്ക് എന്ന വാക്കുകൾ മാറ്റിക്കൊണ്ട് വെയിറ്റേജ് ആക്കിക്കൊടുക്കണം എന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു.

8.29 2 മാർക്കിന് തോൽക്കുന്നുണ്ടെങ്കിൽ അത് ഗ്രേസ് മാർക്കാണെന്നും സ്പോർട്സി ലോ, എൻ.സി.സി യിലെ കിട്ടുന്നത് ഗ്രേസ് മാർക്ക് എന്ന് പറയാൻ കഴിയില്ലെന്നും അവർ പരിശ്രമിച്ചിട്ട് കിട്ടിയതാണെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

8.30 ഒരു കുട്ടിക്ക് ആർട്സിലായാലും സ്പോർട്സിലായാലും പ്രത്യേക സ്കില്ലിലൂടെ ലഭിക്കുന്നതാണ്. സർട്ടിഫിക്കറ്റിൽ യഥാർത്ഥ മാർക്കിന്റെ കൂടെ കൂട്ടാതെ അഡീ ഷണൽ ആയി ഒരു പ്രൊവിഷൻ കൊടുത്തുകൊണ്ട് കൂട്ടുന്നതായിരിക്കും കുറച്ചു കൂടി നല്ലത് എന്ന് ഡോ. ആർ കെ ബിജു അഭിപ്രായപ്പെട്ടു. ആ കുട്ടിക്ക് ഹയർ സ്റ്റഡീസിന് പോകുമ്പോൾ സാധ്യത കൂടുകയാണ് ചെയ്യുക. സ്പോർടിസാണ് സ്പെഷലൈസ് ചെയ്യുന്നത് എന്ന് പറയുകയാണെങ്കിൽ മറ്റ് ഇൻസ്റ്റിസ്റ്റ്യൂഷനിൽ പോകുമ്പോൾ ആ കുട്ടിക്ക് പോസിബിലിറ്റി കൂടുകയല്ലേ ചെയ്യുന്നത് എന്നും ഡോ. ആർ കെ ബിജു പറഞ്ഞു.

8.31 അഡീഷണൽ ആയി മാർക്ക് കൊടുക്കുന്നത് പോലെ ആവരുതെന്നും ഈ യൂണി വേഴ്സിറ്റിയിൽ നിന്നും സ്പോർട്സിലും ആർട്സിലും ഗ്രേസ് മാർക്ക് വാങ്ങിയ ആളാണ് താനെന്നും സ്പോർട്സിൽ ചെയ്യുമ്പോൾ നമ്മൾ എത്രയോ മണി ക്കൂറുകൾ പ്രാക്ടീസ് ചെയ്തിട്ടാണ് യൂണിവേഴ്സിറ്റിക്ക്/കോളേജുകൾക്ക് വേണ്ടി പോയിന്റുകൾ നേടുന്നത് എന്നും അതിനെ ഒരു മാറ്റി നിർത്തൽ ആയി കാണാതെ ഇതിന്റെ കൂടെ തന്നെ വേണമെന്ന് ശ്രീമതി. പി.പി. ദിവ്യ പറഞ്ഞു.

8.32 അടുത്ത മീറ്റിംഗ് ആകുമ്പോഴേക്കും ഇതിന് തീരുമാനം എടുക്കാമെന്നും ഗ്രേസ് മാർക്ക് എന്ന പേര് മാറ്റാമെന്നും വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

8.33 ഗ്രേസ് മാർക്കും അഡീഷണൽ മാർക്കും തമ്മിലുള്ള പ്രധാന വ്യത്യാസം അഡീഷണൽ മാർക്ക് ഹയർസ്റ്റഡീസിന് പോകുമ്പോൾ ആകെ മാർക്കിന്റെ കൂടെ കൂട്ടുകയാണ് ചെയ്യുക. അതേസമയം ഗ്രേസ് മാർക്ക് ഏത് സബ്ജക്റ്റിനോടും (മാർക്ക് കുറഞ്ഞ വിഷയത്തിലോ, തോറ്റ വിഷയത്തിലോ) ആഡ് ചെയ്യാവുന്നതാണ്. തോറ്റ കുട്ടി ഇത് ചേർക്കുമ്പോൾ പാസ്സാവും. അതുകൊണ്ട് ഗ്രേസ് മാർക്ക് ഗ്രേസ് മാർക്കായിത്തന്നെ നിലനിർത്തി അതിന്റെ ടേർമിനോളജി മാറ്റിയാലും മതി. ആ മാർക്ക് കുട്ടി ആവശ്യപ്പെടുന്ന വിഷയത്തിൽ തന്നെ കൊടുക്കണം. അങ്ങനെയാവുമ്പോൾ 3 മാർക്കിനൊക്കെ തോറ്റ കുട്ടിക്കും 5 മാർക്കിനൊക്കെ ഏതെങ്കിലും വിഷയത്തിൽ ഫസ്റ്റ് ക്ലാസ് നഷ്ടപ്പെട്ട കുട്ടിക്കും ഗ്രേസ് മാർക്ക് അതിലേക്ക് ആഡ് ചെയ്യാവുന്നതാണ് എന്നും സിൻഡിക്കേറ്റ് മെമ്പർ പ്രൊഫസർ (ഡോ.) പ്രസാദൻ പി.കെ പറഞ്ഞു.

8.34 കുട്ടികൾ ആവശ്യപ്പെടുന്ന പേപ്പറിന് തന്നെ കൊടുക്കണമെന്നും ഈ വിഷയം വിശദമായി പഠിച്ചിട്ട് തീരുമാനം എടുക്കാമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

Q.No. 14

Dr. M.P. SHANOJ

യു.ജി പരീക്ഷകൾക്ക് ചോദ്യപേപ്പർ ഓൺലൈൻ ട്രാൻസ്മിഷൻ നടത്തി ഒരു സെമസ്റ്റർ പരീക്ഷ പൂർത്തിയായല്ലോ. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് പ്രിൻസിപ്പൽമാരുമായി റിവ്യൂ മീറ്റിങ്ങ് നടത്തിയിട്ടുണ്ടോ? ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിയോഗിക്കപ്പെട്ട ഒബ്സർവർമാർ എന്തെങ്കിലും വീഴ്ച്ചകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

<u>ഉത്തരം - ഡോ.കെ.ടി. ചന്ദ്രമോഹനൻ</u> - റിവ്യൂ മീറ്റിംഗ് നടത്തിയിട്ടില്ല. പരിക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് ഒബ്സർവർമാർ വീഴ്ചകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. എങ്കിലും ചുരുക്കം ചില കോളേജുകളിൽ ചോദ്യപേപ്പറുകൾ പ്രിന്റ് എടുക്കുന്ന മുറിയിൽ സി.സി.ടി.വി. ഇൻസ്റ്റാൾ ചെയ്യാത്തതും പ്രിന്ററിന്റെ വേഗത കുറവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8.35 കണ്ണൂർ സർവ്വകലാശാല പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വലിയ തരത്തിലുള്ള മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഓൺലൈൻ ക്വസ്റ്റ്യൻ ബാങ്കുമായി ബന്ധപ്പെട്ടും, ലൈഫ് സൈക്കിളുമായി ബന്ധപ്പെട്ടും, മൊബൈൽ ആപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടും ഉള്ള പ്രവർത്തനങ്ങൾ വളരെ സജീവമായിതന്നെ നടക്കുകയാണ്.യു.ജി പരീക്ഷയുടെ ഒരു സെമസ്റ്ററിന്റെ കാര്യങ്ങൾ ഓൺലൈൻ ട്രാൻസ്മിഷനിലൂടെ പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്പോൾ ഫൈനൽ സെമസ്റ്ററിന്റെ പരീക്ഷ അങ്ങനെ തന്നെയാണ് നടക്കുന്നത്. കഴിഞ്ഞ യു.ജി. പരീക്ഷകൾക്ക് ചോദ്യപേപ്പർ ഓൺലൈൻ ട്രാൻസ്മിഷൻ നടത്തി അത് പൂർത്തീകരിച്ചു കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട പ്രിപ്പറേഷന്റെ ഭാഗമായി പ്രിൻസിപ്പാൾമാരുടെ രണ്ടോ മൂന്നോ യോഗങ്ങൾ നടത്തിയിട്ടുണ്ടായിരുന്നു.

Q.No. 15
Dr. SURESH KUMAR K.S

രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി നല്കിയ സത്യവാങ്മൂലത്തിൽ കോളേജ് അദ്ധ്യാപകരെക്കുറിച്ച് പറഞ്ഞ വാസ്തവ വിരുദ്ധമായ പരാമർശങ്ങൾ റദ്ദ് ചെയ്യാൻ വൈസ് ചാൻസിലർ സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഏത് തീയ്യതിയിലാണ് നൽകിയിട്ടുള്ളത്?

<u>ഉത്തരം - പ്രൊഫ.(ഡോ) ശ്രീജിത്ത് കെ</u> - രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട W.P.(C) No.40646/2022 കേസിൽ നൽകിയ സ്റ്റേറ്റ്മെന്റിൽ തിരുത്തലുകൾ വരുത്തണമെന്ന നിർദ്ദേശം വൈസ് ചാൻസിലർ 04.02.2023 നു സർവ്വകലാശാല സ്റ്റാൻഡിംഗ് കൗൺസിലിനു നൽകിയിട്ടുണ്ട്.

Q.No. 16
Dr. ISMAIL OLAYIKKARA

ഇതുവരെ നടന്ന വാലേഷൻ ക്യാമ്പുകളിൽ പങ്കെടുത്ത അദ്ധ്യാപകർക്ക് ഏതൊക്കെ സെമസ്റ്ററിൽ ഏതൊക്കെ വിഷയങ്ങളുടെ മൂല്യ നിർണ്ണയത്തിന്റെ പ്രതിഫലം നൽകിയിട്ടുണ്ട്? ഏതൊക്കെ ക്യാമ്പുകളുടെ പ്രതിഫലം നൽകാൻ ബാക്കിയുണ്ട്?

<u>ഉത്തരം - ഡോ. കെ.ടി. ചന്ദ്രമോഹനൻ</u> - ഇതുവരെ നടന്ന വാലേഷൻ ക്യാമ്പുകളിൽ പങ്കെടുത്ത അദ്ധ്യാപകരുടെ ബില്ലുകൾ ക്രോഡീകരിച്ച് സെക്ഷനിൽ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി മൂല്യനിർണ്ണയ പ്രതിഫലം നൽകി വരുന്നുണ്ട്. 2022 മെയ്/ജൂൺ മാസങ്ങളിലായി നടന്ന VI Sem April 2022, III Sem Nov. 2021 സെഷൻ ക്യാമ്പുകളുടെ പ്രതിഫലം മുഴുവനായും നൽകിയിട്ടുണ്ട്. 2022 സെപ്തംബർ മാസത്തിൽ നടന്ന യു.ജി/പി.ജി ക്യാമ്പുകളുടെ പ്രതിഫലം ബില്ലുകൾ കിട്ടുന്ന മുറക്ക് നൽകി വരുന്നു.

Q.No. 17
Dr. ISMAIL OLAYIKKARA

ന്യൂ ജനറേഷൻ പിജി പ്രോഗ്രാമുകളിൽ ഒരു ബാച്ച് വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിക്കഴിഞ്ഞു. ഇവരുടെ പ്രോഗ്രാമുകൾക്ക് പി.എസ്.സി അംഗീകാരവും തുല്യതയും നേടിയെടുക്കുന്നത് സംബന്ധിച്ച് ഇതിനു മുൻപും സെനറ്റിൽ പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ എന്തെങ്കിലും മേൽനടപടികൾ പൂർത്തിയായിട്ടുണ്ടോ?

<u>ഉത്തരം - ഡോ. എ അശോകൻ</u> - 25/02/2023 തീയ്യതിയിലെ ഉത്തരവ് നമ്പർ ACAD D/D1/3108/2023 പ്രകാരം ന്യൂ ജനറേഷൻ കോഴ്സ് ആയ MSc Zoology (Structure, Physiology, Development and Classification of Animals) കോഴ്സ് MSc Zoology കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ട്. മറ്റ് ന്യൂ ജനറേഷൻ കോഴ്സുകളുടെ തുല്യതയും പി.എസ്.സി. അംഗീകാരവും സംബന്ധിച്ച കാര്യം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 14/03/2023 ന്റെ ഡിൻഡിക്കേറ്റ്

അപ്രൂവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ നടപടികൾക്കായി സർക്കാരിലേക്ക് എഴുതുന്നതാണ്.

8.36 അതായത് അക്കാഡ് എ3/3389/ന്യൂ കോഴ്സസ്/20-21 തീയ്യതി 23/12/20 ന് യു.ജി യുടെ 6 ഉം പി.ജി യുടെ 9 ഉം ന്യൂ ജനറേഷൻ പ്രോഗ്രാമുകളാണ് ഉള്ളത് എന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. എ അശോകൻ പറഞ്ഞു.

Q.No. 18

Dr. PREMACHANDRAN KEEZHOTH

രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് താങ്കൾ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരം കോളേജ് അദ്ധ്യാപകർ കോഴ്സ് കണ്ടന്റ് ഉണ്ടാക്കുന്നുണ്ടോ? കോളേജ് അദ്ധ്യാപകർ ടെക്സ്റ്റ് ബുക്കുകൾ ഉണ്ടാക്കുന്നുണ്ടോ? കോളേജ് അദ്ധ്യാപകർ ക്വസ്റ്റ്യൻ പേപ്പറുകൾ ഉണ്ടാക്കുന്നുണ്ടോ? മുൻ കാലങ്ങളിൽ കോളേജ് അദ്ധ്യാപകരുടെ കൂട്ടത്തിൽ നിന്ന് എത്ര പേർ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ പദവിയിൽ ഇരുന്നിട്ടുണ്ട്? ആരൊക്കെ?

ഉത്തരം - പ്രൊഫ.(ഡോ) പ്രസാദൻ പി.കെ - കണ്ണൂർ യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് 1998 ചാപ്റ്റർ XIII Statute 7 പ്രകാരം കോഴ്സ് കണ്ടന്റ് തയ്യാറാക്കുന്നത് ബോർഡ് ഓഫ് സ്റ്റഡീസ് ആണ്. ബോർഡ് ഓഫ് സ്റ്റഡീസിൽ കോളേജ് അദ്ധ്യാപകരും അംഗങ്ങളാണ്. കോളേജ് അദ്ധ്യാപകർ പ്രസിദ്ധീകരിക്കുന്ന ബുക്കുകളുടെ വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല. പഠന ബോർഡ് അദ്ധ്യക്ഷന്മാരായിട്ടുള്ള കോളേജ് അദ്ധ്യാപകർ സിലബസിനോടൊപ്പം മാതൃകാ ചോദ്യ പേപ്പറുകൾ തയ്യാറാക്കി സമർപ്പിക്കാറുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ചോദ്യപേപ്പറുകൾ കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കു കീഴിലുള്ള കോളേജ് അദ്ധ്യാപകർ തയ്യാറാക്കുന്നുണ്ട്. അതുപോലെ തന്നെ മറ്റു സർവ്വകലാശാലകൾക്ക് വേണ്ടി കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജ് അദ്ധ്യാപകരും വിവിധ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും ഡാറ്റ സർവ്വകലാശാലയിൽ ഇല്ല. മുൻ കാലങ്ങളിൽ കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ പദവി വഹിച്ചവരിൽ 4 പേർ കോളേജ് അദ്ധ്യാപകരായിരുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| Sl. No. | Name | Name of College |
|---|---|---|
| 1 | Dr.K.H.Subramanian | Payyannur College, Payyannur |
| 2 | Dr.Abdur Rasheed K.M. | Farook College, Farook |
| 3 | Dr.A.Ashokan | NAS College, Kanhangad |
| 4 | Dr.Balachandran Keezhoth | Co-op.Arts and Science College, Madai |

8.37 കോളേജ് അദ്ധ്യാപകർ പുറത്തിറക്കുന്ന പുസ്തകങ്ങളുടെ വിവരങ്ങൾ സർവ്വകലാശാലയെ അറിയിക്കുന്ന രീതി ഇല്ലാത്തതിനാലാണ് പുസ്തകങ്ങളുടെ വിവരങ്ങൾ ലഭ്യമല്ലാത്തത്.

8.38 ഇതിൽ കോളേജ് അദ്ധ്യാപകർ ടെക്സ്റ്റ് ബുക്കുകൾ ഉണ്ടാക്കുന്നുണ്ടോ എന്നതിൽ സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകർ പ്രസിദ്ധീകരിക്കുന്ന ബുക്കുകളുടെ വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമാണോ എന്ന് ഡോ. ആർ കെ ബിജു ഉപചോദ്യം ഉന്നയിച്ചു.

8.39 ലഭ്യമാണെന്നും അത് IQAC യുടെ കൈവശം ലഭ്യമാണെന്നും വൈസ് ചാൻസിലർ അറിയിച്ചു.

8.40 സർവ്വകലാശാല പഠന വകുപ്പുകളിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങൾ, ടെക്സ്റ്റ് ബുക്കുകൾ, എഡിറ്റഡ് ബുക്കുകൾ, പബ്ലിക്കേഷൻസ് വഴി പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ എന്നിവയുടെ ശേഖരം IQAC യിൽ ഉണ്ട്. അത് കാലാകാലങ്ങളിൽ നാകിന് സമർപ്പിക്കേണ്ടതാണ്. സെൽഫ് സ്റ്റഡി റിപ്പോർട്ട് എ.ക്യു.എ.ആർൽ ഉൾപ്പെടുത്താറുണ്ട് എന്ന് പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.41 കോളേജ് അദ്ധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് മുഴുവൻ രേഖകളും സർവ്വകലാശാലയിൽ സമർപ്പിക്കാറുണ്ട്. ഇത് സബ് കമ്മിറ്റി പരിശോധിച്ച ശേഷമാണ് അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകാറുള്ളത്. അങ്ങനെയാണെങ്കിൽ ഈ ഡോക്യുമെന്റുകളും സർവ്വകലാശാലയിൽ വേണ്ടതല്ലേ എന്ന് ഡോ. ആർ.കെ ബിജു ഉപചോദ്യം ഉന്നയിച്ചു.

8.42 പ്രമോഷൻ വരുന്ന സമയത്ത് മാത്രമേ ഈ ഡോക്യുമെന്റുകൾ സർവ്വകലാശാലയിൽ സബ്മിറ്റ് ചെയ്യാറുള്ളൂ. അദ്ധ്യാപകർ പല ഘട്ടങ്ങളിലായി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടാവാം അപ്പോൾ തന്നെ സർവ്വകലാശാലയിൽ എത്തിക്കാൻ സംവിധാനം ഉണ്ടെങ്കിൽ ഡോക്യുമെന്റ് ചെയ്യാൻ സാധിക്കും എന്ന് സിൻഡിക്കേറ്റ് മെമ്പർ പ്രൊഫസർ (ഡോ.) പ്രസാദൻ പി.കെ പറഞ്ഞു.

Q.No. 19
Dr. VIJAYAN K

എ.പി.സി കൊടുക്കുന്നതിന് വളരെ മുൻകൂട്ടി പരീക്ഷാ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുകയും തുടർന്ന് മതിയായ എ.പി.സി നൽകുവാൻ കഴിയാത്ത വിദ്യാർത്ഥികളുടെ പരീക്ഷാ അവസരം നഷ്ടപ്പെടുകയില്ലേ? അവരുടെ പരീക്ഷാ ഫീസ് തിരിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ എന്താണ്?

<u>ഉത്തരം - ഡോ. കെ.ടി. ചന്ദ്രമോഹനൻ</u> - നിലവിൽ ഫീസ് അടച്ചതിനുശേഷം എ.പി.സി നൽകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഫീസ് തിരിച്ചു നൽകാൻ ഉത്തരവുകളില്ല.

8.43 എ.പി.സി കൊടുക്കുന്നതിന് മുമ്പ് പരീക്ഷാ ഫീസ് അടക്കേണ്ടി വരുന്നത് കൊണ്ട് പല കുട്ടികൾക്കും മിനിമം അറ്റൻഡൻസ് ഉണ്ടാകാതെ പലരും ഔട്ട് ആകും അവർക്ക് കൃത്യമായി നിർബന്ധമായി യൂണിവേഴ്സിറ്റി അങ്ങനെയുള്ള കുട്ടികൾക്ക് പരീക്ഷാ ഫീസ് തിരിച്ച് കൊടുക്കാനുള്ള ബാധ്യത യൂണിവേഴ്സിറ്റി കൈക്കൊള്ളണമെന്നാണ് പറയാനുള്ളതെന്നും എ.പി.സി കൊടുക്കുന്നതിന് മുമ്പ് പരീക്ഷാ പ്രോസസിംഗ് നടത്താൻ പറയുന്നത് നിലവിൽ ശരിയായ രീതിയല്ല എന്നും ഡോ. വിജയൻ കെ പറഞ്ഞു.

8.44 കുട്ടികളോട് എ.പി.സി ആവശ്യപ്പെടുന്നത് സെമസ്റ്ററിന്റെ അവസാന ഘട്ടത്തിലാണ്. പരീക്ഷാ നോട്ടിഫിക്കേഷൻ ഇറങ്ങി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് അവസാന ഘട്ടതയ്യാറെടുപ്പുകൾ നടത്താൻ വേണ്ട മിനിമം സമയം 45 ദിവസമാണ് എ.പി.സി സമർപ്പിക്കുന്നത്. നിലവിൽ ഏപ്രിൽ 12 ന് തുടങ്ങുന്ന 4-ാം സെമസ്റ്റർ ഡിഗ്രി പരീക്ഷയുടെ എ.പി.സി സബ്മിറ്റ് ചെയ്യാനുള്ള അവസാന തീയ്യതി മാർച്ച് 24 ആയിരുന്നു.15 ദിവസം മാത്രമേ അവശേഷിക്കുന്നുള്ളൂ. അതുകൊണ്ട് തന്നെ സാധാരണ ഗതിയിൽ അങ്ങനെ ഒരു സാഹചര്യം കുറവാണ്. നിലവിൽ അടച്ച ഫീസ് തിരിച്ചുകൊടുക്കാൻ പ്രൊവിഷൻ ഇല്ല എന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

8.45 സർവ്വകലാശാലയിലേക്ക് പലപ്പോഴായി തനത് ഫണ്ടിലേക്ക് അടക്കുന്ന തുക ഒന്നും തന്നെ തിരിച്ചുകൊടുക്കാറില്ല എന്നാണ് നിയമങ്ങളിൽ നിന്നും വ്യക്തമാകുന്നത്. അത് ശരിയായ തീരുമാനം അല്ല. കുട്ടികൾ ആവശ്യത്തിനനുസരിച്ച് പണം അടക്കുന്നു. പിന്നീട് അത് ഉപയോഗിക്കപ്പെടുന്നില്ല. അത്തരത്തിൽ ഉള്ള അപേക്ഷകളിൽ സർവ്വകലാശാലക്ക് അവർ അടച്ച തുക തിരിച്ചു കൊടുക്കാൻ സാധിക്കുമോ എന്ന് ഡോ. ആർ.കെ. ബിജു ചോദിച്ചു.

8.46 ആവശ്യപ്പെടുന്നവർക്ക് തിരിച്ചുകൊടുക്കാറുണ്ടെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

8.47 അദ്ധ്യാപകർ എ.പി.സി സമർപ്പിക്കുന്ന സമയത്ത് ഒരു ദിവസം പോലും വൈകിയിട്ടുണ്ടെങ്കിൽ 5000 രൂപ ഫൈൻ വാങ്ങിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ നിന്ന് ഈ രീതിയിൽ വാങ്ങിയെടുക്കുന്ന ഒരു പൈസയും യൂണിവേഴ്സിറ്റി കൊടുക്കുന്നില്ല. ഇത് അധാർമികതയല്ലേ എന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് ഉപചോദ്യം ഉന്നയിച്ചു. കാരണം വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഒക്കെ വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പൈസ തിരിച്ചുകൊടുക്കാനുള്ള ബാധ്യത സർവ്വകലാശാലയ്ക്ക് ഇല്ലേ എന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് ചോദിച്ചു.

8.48 യൂണിവേഴ്സിറ്റി ഫൈൻ സംവിധാനം ഏർപ്പെടുത്തുന്നത് പരീക്ഷാ നടത്തിപ്പ് കുറേക്കൂടി സുഗമമായി പോകാനുള്ള ഉദ്ദേശത്തിലാണ്. അല്ലാതെ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ബുദ്ധിമുട്ടിക്കണം എന്നുള്ള ഒരു ഉദ്ദേശം ഇതിനകത്തില്ല. ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ അറിയിച്ചു.

Q.No. 20

Dr. R.K. BIJU

സർവ്വകലാശാല രജിസ്ട്രാർ നിയമനത്തിന് യോഗ്യതയായി പരിഗണിക്കുന്നത് എന്തൊക്കെയാണ്? ഈ യോഗ്യതകൾ സർവ്വകലാശാലയുടെ ഏത് നിയമാവലി, യു.ജി.സി റഗുലേഷൻ, സർക്കാർ ഉത്തരവ് എന്നിവയിൽ എവിടെയൊക്കെയാണ് പരാമർശിച്ചിരിക്കുന്നത്? ഇന്നേവരെ സർവ്വകലാശാലയിൽ രജിസ്ട്രാർ ആയി സേവനം അനുഷ്ടിച്ചത് ആരൊക്കെയാണ്? അവരുടെ യോഗ്യതകളും എന്തൊക്കെയായിരുന്നു?

<u>ഉത്തരം - പ്രൊഫ.(ഡോ) പ്രസാദൻ പി.കെ</u> - കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് 1999 പ്രകാരം നിശ്ചയിച്ചിട്ടുള്ള താഴെ ചേർത്ത യോഗ്യതകളാണ് കണ്ണൂർ സർവ്വകലാശാല രജിസ്ട്രാർ തസ്തികയിലേക്കുള്ള നിയമനത്തിന് പരിഗണിക്കുന്നത്.

| Sl. No | Category / Post | Scale of Pay | Minimum Qualification | Age Limit | Appointing Authority | Method of Recruitment |
|---|---|---|---|---|---|---|
| 1. | Registrar | 4500 - 7300 (Pre - revised) | A first or second class Post Graduate Degree and 5 years teaching experience at University level and about 5 years of administrative experience in a responsible post including management of staff in a University or College or similar Institution | Between 40 and 50 years | Syndicate | Recruitment on the basis of merit by inviting applications through advertisement in the news papers or by deputation as provided in the statutes |

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള യോഗ്യതകൾ കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ് 1999 ചാപ്റ്റർ XV 3 (1) ലെ അനുബന്ധ ഷെഡ്യൂളിൽ പരാമർശിച്ചിട്ടുണ്ട്.

ഇന്നേവരെ സർവ്വകലാശാലയിൽ സേവനം അനുഷ്ഠിച്ച രജിസ്ട്രാർമാർ, അവരുടെ യോഗ്യതകൾ, ഇവയുടെ വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.

| Sl. No | Name | Qualification |
|---|---|---|
| 1. | Prof. T. K. Ummer | Registrar, University of Calicut (on Deputation) |
| 2. | Dr. P,C. Ravindran | Reader, School of Bio Sciences, M G University (on deputation) |
| 3. | Sri. P.V.Suthakaran | Finance Officer ( in charge of Registrar) |
| 4. | Dr.K.H.Subramanian | MA Sanskrit; Ph.D in Language & Literature (Sanskrit), Payyannur College, Payyannur Experience: (i) 27 years of Teaching experience including experience as HOD, Department of |

| | | |
|---|---|---|
| | | Sanskrit, Payyannur College, (ii) Programme Officer, NSS, College Level- **3** years |
| 5. | Dr.B. Anandabhanu | Prof. & Head of the Department of Anthropology, Kannur University (in charge of Registrar) |
| 6. | Dr.Abdur Rasheed K.M. | M.Sc Chemistry, M.Phil, LLB, Experience: Lecturer Sel. Grade, Dept. of Chemistry, Farook College 25 years of teaching experience, 18 years of Administrative experience as Company Commander in NCC 5 years as Syndicate Member, Calicut University |
| 7. | Dr.A.Ashokan | M A Economics, M.Phil, Ph.D Academic Experience: 21 years (1) NAS College, Kanhangad, (2) Dr.NISAM First Grade College, (3) Visiting Faculty, MBA Department, Kannur University, Nileswaram Campus, (4) Engaged Classes for MA Economics, Pondicherry University<br>Administrative experience: (1) NSS Programme Officer-3 Years 5 months, (2) Co-Ordinator, Planning Forum-1997 onwards, (3) Co-Ordinator, Career Guidance-2 Years, (4) State Resource Person, KSHEC from 2007-2010 |
| 8. | Dr.P.T.Joseph | Director of Physical Education (in charge of Registrar) |
| 9. | Sri. Shajee Jose | Finance Officer ( in charge of Registrar) |
| 10. | Dr.Balachandran Keezhoth | MA Malayalam, B.Ed, M.Phil, Ph.D, Selection Grade Lecturer in Malayalam, Co-op. Arts and Science College, Madai 17 years 8 months teaching experience in College 6 years experiences as College level Company Commander in NCC from 2004, 4 years experience as Head of the Department in College, Research guide of Kannur University from 2006 |
| 11. | Sri.Dominic George | Joint Registrar (in Charge of Registrar) |
| 12. | Sri. Mohammed .E.V. P | Joint Registrar (in Charge of Registrar) |
| 13. | Dr. Anil.R | Prof. & HOD, School of Physical Education & Sports Sciences (in charge of Registrar) |
| 14. | Prof.(Dr.).Joby.K.Jose | Professor, Department of Statistical Sciences (in charge of Registrar) |

8.49 മിനിമം യോഗ്യതയായി പറഞ്ഞിരിക്കുന്നത് സർവ്വകലാശാല തലത്തിൽ 5 വർഷ ടീച്ചിംഗ് എക്സ്പീരിയൻസ് എന്നാണ്. താഴെ പറഞ്ഞിട്ടുണ്ട് Responsibility Administration കോളേജിൽ ആണെങ്കിൽ എന്നുകൂടി താഴെ പറഞ്ഞിട്ടുണ്ട്. സർവ്വകലാശാല തലത്തിൽ നടക്കുന്ന അപ്പോയ്മെന്റുകൾ ഒക്കെ യു.ജി.സി റെഗുലേഷൻ വഴിയും സർവ്വകലാശാല അപ്പ്രൂവ് ചെയ്യുകയും അതുകൂടാതെ പ്രമോഷൻസ് യൂണിവേഴ്സിറ്റി തന്നെയാണ് അദ്ധ്യാപകർക്ക് പ്രൊമോഷൻസ് നൽകുന്നത്. യൂണിവേഴ്സിറ്റി വകുപ്പുകൾ എന്ന് എവിടെയും പറഞ്ഞിട്ടില്ല. പിന്നീട് അത്തരത്തിൽ എന്താണ് വ്യാഖ്യാനിക്കപ്പെടാൻ കാരണം എന്ന് മനസ്സിലാവുന്നില്ല എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു. രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട വിഷയം കോടതിയുടെ പരിഗണനയിലായിരിക്കുന്നത് കൊണ്ട് വിശദമായ ഒരു മറുപടി നൽകുന്നത് സാങ്കേതികമായി ശരിയല്ല. ഈ ഒരു സംശയം മുമ്പും ഉയർന്നിട്ടുണ്ടായിരുന്നു എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ പറഞ്ഞു.

Q.No. 21
Smt SONA P

ഡോ. പി.കെ രാജൻ മെമ്മോറിയൽ ബെസ്റ്റ് ടീച്ചർ അവാർഡ് മുമ്പ് സർവ്വകലാശാല നൽകുകയും പിന്നീട് നിർത്തി വയ്ക്കുകയും ചെയ്തതാണ്. ഇത് പുനഃസ്ഥാപിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം - ഡോ. എ അശോകൻ</u> - ഡോ. പി.കെ രാജൻ മെമ്മോറിയൽ ബെസ്റ്റ് ടീച്ചർ അവാർഡ് പുനഃസ്ഥാപിക്കാൻ 2007 ന് ശേഷം നടപടികൾ സ്വീകരിച്ചിട്ടില്ല.

8.50 ഇത് പുനഃസ്ഥാപിക്കാൻ പറ്റാത്തതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ? എന്തുകൊണ്ടാണ് തുടരാൻ സാധിക്കാത്തത് എന്നും ശ്രീമതി. സോന പി ചോദിച്ചു.

8.51 സാങ്കേതികമായി തടസ്സങ്ങൾ ഒന്നും ഇല്ല എന്നും ഈ അവാർഡ് നമ്മുടെ മുൻ വിസിയുടെ പേരിലുള്ളതാണെന്നും അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലോചിക്കാവുന്നതാണെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. എ അശോകൻ പറഞ്ഞു.

8.52 ഇത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

Q.No. 22
Dr. PREMACHANDRAN KEEZHOTH

കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറുടെ പുനർ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ട് ബഹു. കേരള ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും വൈസ് ചാൻസിലർക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകർ ആരൊക്കെയായിരുന്നു? അവർക്ക് ഫീസിനത്തിൽ ചെലവായ തുക യൂണിവേഴ്സിറ്റിയുടെ ഏത് ഫണ്ടിൽ നിന്നാണ് ചെലവാക്കിയിരിക്കുന്നത്?

ഉത്തരം - ശ്രീമതി. എൻ സുകന്യ - കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലർ തസ്തികയിൽ പ്രൊഫ.ഗോപിനാഥ് രവീന്ദ്രന് പുനർ നിയമനം അനുവദിച്ചതുമായി ബന്ധപ്പെട്ട Writ Appeal No. 1698/2021 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ഷിനോ പി ജോസ് എന്നിവർ ബഹു. സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്ത Special Leave Petition (Civil) No. 4347 of 2022 കേസിൽ ഹാജരാവുന്നതിനായി സീനിയർ അഡ്വക്കറ്റുമാരായ അഡ്വ. ശൈലേഷ് മടിയൽ, അഡ്വ.ബസവ പ്രഭു എസ്. പാട്ടീൽ എന്നിവരെ ചുമതലപ്പെടുത്തി സർവ്വകലാശാല ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. Special Leave Petition (Civil) No. 4347 of 2022 കേസിൽ ഹാജരായതിലേക്ക് അഡ്വ. ബസവ പ്രഭു എസ്. പാട്ടീലിന് ലീഗൽ ചാർജ്ജിനത്തിൽ 3,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. മേൽ തുക സർവ്വകലാശാല ബജറ്റ് എസ്റ്റിമേറ്റ്സിന്റെ Part I Non Plan MH – 1 – 301 – 036 'Law charge' എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തിയിരിക്കുന്നു.

Q.No. 23
Dr. M.P. SHANOJ

ക്ലസ്റ്റ്യൻ ബാങ്കുമായി ബന്ധപ്പെട്ട് എല്ലാ അദ്ധ്യാപകരേയും ഉൾപ്പെടുത്തി ഏതൊക്കെ വിഷയങ്ങളുടെ ശില്പശാല നടന്നിട്ടുണ്ട്? ബാക്കിയുള്ള വിഷയങ്ങളുടെ ശില്പശാല നടത്താൻ തീരുമാനിച്ച തീയ്യതികൾ ഏതൊക്കെയാണ്?

ഉത്തരം - ഡോ. രാഖി രാഘവൻ - 13/10/2022 നു English/Functional English എന്നീ വിഷയങ്ങളുടെ അദ്ധ്യാപകർക്കായുള്ള ശില്പശാല നടന്നു. ഇതിൽ 88 അദ്ധ്യാപകർ പങ്കെടുത്തു 412 അദ്ധ്യാപകർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. 31/01/2023 നു Commerce, Management Studies എന്നീ വിഷയങ്ങളുടെ അദ്ധ്യാപകർക്കായുള്ള ശില്പശാല നടന്നു. ഇതിൽ 95 അദ്ധ്യാപകർ പങ്കെടുത്തു. 732 അദ്ധ്യാപകർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ബാക്കി വിഷയങ്ങളുടെ അദ്ധ്യാപകർക്കായുള്ള ശില്പശാലകൾ 2023 മാർച്ച് / ഏപ്രിൽ മാസങ്ങളിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

8.53 ഈ രണ്ട് വിഷയങ്ങളിലും 15% ത്തിൽ താഴെ അദ്ധ്യാപകർ മാത്രമാണ് പങ്കെടുത്തതായി കാണുന്നത്. അങ്ങനെയാണെങ്കിൽ ഈ മീറ്റിംഗ് വിജയകരമായിരുന്നു എന്ന് പറയാൻ സാധിക്കുകയില്ലല്ലോ. അദ്ധ്യാപകരിലേക്ക് ക്ലസ്റ്റ്യൻ ബാങ്ക് എന്ന ആശയം അത്രകണ്ട് ഇറങ്ങിചെന്നിട്ടില്ല എന്നല്ലേ ഇതിൽ നിന്നും മനസ്സിലാകുന്നത്. അതിനായി സർവ്വകലാശാല എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു.

8.54 സർവ്വകലാശാല അദ്ധ്യാപകരുടെ പങ്കാളിത്തം കൂട്ടുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്താറുണ്ടെന്ന് പ്രോ വൈസ് ചാൻസിലർ അറിയിച്ചു. ഈ മൂന്നാമത്തെ ശില്പശാലയിൽ പത്രമാധ്യമങ്ങളിൽ വഴിയും അറിയിപ്പ് കൊടുത്തിട്ടുണ്ട്. പക്ഷെ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അദ്ധ്യാപകരുടെ ഭാഗത്ത് നിന്ന് ഉള്ള പ്രതികരണം വളരെ കുറവാണ്. ഈ സന്ദേശം അദ്ധ്യാപകരിൽ എത്തിയിട്ടില്ല എന്ന് പറ

യാൻ കഴിയില്ല. വിവിധ കാരണങ്ങളാൽ പരീക്ഷയുടെ വാലേഷൻ ക്യാമ്പുകളുടെയും പ്രത്യേകം സാഹചര്യം ഉണ്ടാകാം എന്ന് പ്രോ വൈസ് ചാൻസിലർ പറഞ്ഞു.

8.55 വളരെ ഷോർട്ട് നോട്ടീസിലാണ് ഇവിടെ നിന്നും അറിയിപ്പ് ലഭിച്ചത് എന്നും മറ്റ് യാതൊരു തലത്തിലുള്ള അറിയിപ്പും അദ്ധ്യാപകർക്ക് ലഭിച്ചിട്ടില്ല എന്നും ശ്രീ. ഷാനവാസ് എസ്.എം പറഞ്ഞു.

8.56 ഈ കാര്യം തീർച്ചയായും പരിഗണിക്കുന്നതാണെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

Q.No. 24
Sri. SAJU P.J.

സർവ്വകലാശാല നേരിട്ട് നടത്തിയ നിയമനം മുഖേന സർവ്വീസിൽ പ്രവേശിച്ച ഏതെങ്കിലും ജീവനക്കാരന്റെ അടിസ്ഥാന യോഗ്യതാ സർട്ടിഫിക്കറ്റിന് സർക്കാർ അംഗീകാരമില്ല എന്ന് രേഖപ്പെടുത്തി AG Audit റിപ്പോർട്ട് നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം - ശ്രീ. എം.സി രാജു</u> - സർവ്വകലാശാല നേരിട്ട് നടത്തിയ നിയമനം മുഖേന കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ജയൻ ചാലിൽ, പ്രസ്തുത നിയമനത്തിന് ഹാജരാക്കിയ Bharath Sevak Samaj ൽ നിന്നും നേടിയ PG Diploma in Computer Application സർട്ടിഫിക്കറ്റിന് കേരള സർക്കാർ അംഗീകാരമില്ല എന്ന് അറിയിച്ചുകൊണ്ടുള്ള സർക്കാർ കത്ത് ലഭ്യമായിട്ടും സർവ്വകലാശാല നടപടികൾ സ്വീകരിക്കാത്തതിനാൽ ശ്രീ. ജയൻ ചാലിൽ സർവ്വീസിൽ തുടരുന്നത് ചൂണ്ടിക്കാട്ടിയും പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ കൈമാറുവാൻ നിർദ്ദേശിച്ചുമുള്ള 03.02.2023 ലെ AG observation reference: 13 # (OBS-510616) ലഭ്യമായിട്ടുണ്ട്. Bharath Sevak Samaj ൽ നിന്നും നേടിയ PG Diploma in Computer Application സർട്ടിഫിക്കറ്റിന് കേരള സർക്കാർ അംഗീകാരമില്ല എന്ന് അറിയിച്ചുകൊണ്ടുള്ള സർക്കാർ കത്ത് പരിഗണിച്ച 15.09.2020 ലെ സർവ്വകലാശാല സിൻഡിക്കേറ്റ്, വിഷയം Standing Committee on General Affairs, Office & Staff ന്റെ വിശദ പഠനത്തിന് കൈമാറിക്കൊണ്ടുള്ള 2020.408 നമ്പർ തീരുമാനം കൈക്കൊള്ളുകയുണ്ടായി. അതുപ്രകാരം, മേൽ വിഷയം നിലവിൽ Standing Committee on General Affairs, Office & Staff ന്റെ പരിഗണയിലാണ്.

Q.No. 25
Sri. SHANAVAS S.M.

കണ്ണൂർ യൂണിവേഴ്സിറ്റി പ്രസിദ്ധീകരിച്ച റിസൾട്ട് സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് 2019– 22 ബാച്ച് ബിരുദ വിദ്യാർത്ഥികളിൽ പകുതിയോളം വിദ്യാർത്ഥികൾ പരാജയപ്പെട്ടതായി കാണുന്നു. പല കോഴ്സുകളിലും പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളും പരാജയപ്പെടുന്നു. നിരവധി കോളേജുകളിൽ ചില കോഴ്സുകളിൽ വിജയ ശതമാനം 10 ശതമാനവും 20 ശതമാനവും ആണ്. കോളേജുകളുടെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി യൂണിവേഴ്സിറ്റി വല്ല നടപടിയും എടുത്തിട്ടുണ്ടോ? എന്തൊക്കെ നടപടികളാണ് എടുത്തത്?

<u>ഉത്തരം -</u> അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സ്വാശ്രയ കോളേജുകളോട് എല്ലാ അധ്യയന വർഷങ്ങളിലും യു.ജി.സി. നിയമം 2018 പ്രകാരം മിനിമം ക്വാളിഫിക്കേഷനുള്ള അദ്ധ്യാപകരെ നിയമിച്ചു സ്റ്റാഫ് പ്രൊഫൈൽ സമർപ്പിക്കാൻ നിർദ്ദേശം നൽകാറുണ്ട്. ഈ നിർദ്ദേശം നടപ്പിലാക്കാത്ത കോളേജുകളോട് അടുത്ത അധ്യയന വർഷത്തിൽ യു.ജി.സി. റെഗുലേഷൻ പ്രകാരം യോഗ്യരായ അദ്ധ്യാപകരെ നിയമിച്ച് 2023 മെയ് 15 നു മുമ്പായി സ്റ്റാഫ് പ്രൊഫൈൽ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ കോളേജ്, കോഴ്സ്, സീറ്റ് വർദ്ധനവ് എന്നിവ അനുവദിക്കുമ്പോൾ ഇൻസ്പെക്ഷൻ നടത്തി എല്ലാ സൗകര്യങ്ങളും വിശകലനം ചെയ്ത് ഗുണമേന്മ ഉറപ്പുവരുത്താറുണ്ട്. നിലവിലെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി എല്ലാ കോളേജുകളിലും പ്രത്യേക ഇൻസ്പെക്ഷൻ നടത്താൻ 20/12/2022 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിട്ടുണ്ട്.

## II. Business brought forward by the Members of the Syndicate and the Vice-Chancellor.

### i. Consider and pass resolution on the Annual Accounts for the year 2019-20 and Audit Report.

8.57 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 12/04/2022 ലാണ് ഓഡിറ്റ് അക്കൗണ്ട്സ് തന്നിട്ടുള്ളത്. അതിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ചാപ്റ്റർ 3 ക്ലോസ് (1) പ്രകാരം 2 മാസത്തിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അതിന് മറുപടി നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട രേഖകളൊന്നും നൽകിയിട്ടുള്ള ഓഡിറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

8.58 സ്റ്റാറ്റ്യൂട്ട് (7) പ്രകാരം വാർഷിക അക്കൗണ്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവയുടെ മറുപടി സിൻഡിക്കേറ്റിൽ വെക്കാൻ മാത്രമാണ് പറയുന്നത് എന്ന് ഫിനാൻസ് ഓഫീസർ പറഞ്ഞു.

8.59 അത്തരത്തിലാണെങ്കിൽ ഈ റിപ്പോർട്ട് ഇവിടെ ചർച്ച ചെയ്യുന്നതിൽ പ്രസക്തി ഇല്ല. ഇതിൽ ഏതൊക്കെയാണ് ക്രമപ്പെടുത്തിയത് എന്ന കാര്യങ്ങൾ പോലും അറിയാൻ സാധിക്കില്ല എന്ന് ഡോ. ആർ.കെ ബിജു ചോദിച്ചു.

8.60 സെനറ്റ് സബ്കമ്മിറ്റി യോഗം ചേർന്നിട്ടുളളതാണ്. 2019-20 ലെ അക്കൗണ്ട്സ് തന്നെ 2022-23 ലാണ് ഇവിടെ വെക്കുന്നത്. നമ്മുടെ ഫിനാൻസ് കൊടുക്കുന്നത് തന്നെ ഓഡിറ്റ് ചെയ്ത് കിട്ടാൻ താമസം വരുന്നത് തന്നെ നമ്മൾ ഇവിടെ ചർച്ച ചെയ്തിരുന്നു. ഈ ഒബ്ജക്ഷന് ശേഷം കൊടുക്കേണ്ട മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റിലേക്കാണ് കൊടുക്കുന്നത്. അവർ അത് പരിശോധിക്കാൻ വീണ്ടും സമയം എടുക്കുന്നു. സമയമെടുത്തിട്ടാണ് ഇത് കോപ്പി ചെയ്യുന്നത്. നമുക്ക് സമയമെടുത്ത് ചില ഡോക്യുമെന്റുകൾ സർക്കാരിൽ എത്തിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതുമാണ്. The committee submitted the annual accounts and audit report for the year 2019-20 approved by the Syndicate. The committee recommended to place before the senate meeting to be held

on 31.03.2023. The committee expressed dissatisfaction of the delay in obtainging the audit report in a time bound manner. The committee recommened to address the government in this regard എന്ന് പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

8.61 ഇത്തരത്തിലുള്ള റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ രണ്ട് മാസത്തിനുള്ളിൽ സർവ്വകലാശാല ക്രമരഹിതമായി നടത്തിയ കാര്യങ്ങളിൽ എന്തിനൊക്കെയാണ് മറുപടി കൊടുത്തിട്ടുള്ളത് എന്നും അത്തരത്തിലുള്ള മറുപടി സർവ്വകലാശാല കൊടുത്തിട്ടുണ്ടോ എന്നും ഈ തെറ്റുകൾ തിരുത്തുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഡോ: ആർ.കെ ബിജു ചോദിച്ചു.

8.62 ക്രമപ്പെടുത്താൻ ഉള്ളത് ലോക്കൽ ഫണ്ടിനെ അറിയിക്കുന്നുണ്ട്. ക്രമപ്പെടുത്തി മറുപടി തരുന്നതിന് അവരുടെ ഭാഗത്തുനിന്ന് കാലതാമസം വന്നിട്ടുണ്ട്. വാർഷിക ബജറ്റിലേക്ക് എല്ലാ മറുപടിയും കൊണ്ടുവരാൻ സാധിക്കില്ല എന്ന് പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

8.63 അതിൽ ഏതൊക്കെയാണ് ക്രമപ്പെടുത്തൽ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇന്നത് ക്രമപ്പെടുത്തിയിട്ടുണ്ട് ഇന്നത് ക്രമപ്പെടുത്തിയിട്ടില്ല എന്ന് അറിയിച്ചാൽ നന്നായിരുന്നു എന്ന് ഡോ. ആർ കെ ബിജു പറഞ്ഞു.

8.64 ലോക്കൽ ഫണ്ട് ഓഡിറ്റ് നമ്മുടെ നേതൃത്വത്തിൽ ഉള്ള സ്ഥാപനമല്ല എന്ന് പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

8.65 ഏതൊക്കെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയാതെ ഈ ഓഡിറ്റ് റിപ്പോർട്ട് പാസ്സാക്കുന്നത് ശരിയല്ല എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

8.66 എല്ലാ ഓഡിറ്റ് തടസ്സവാദങ്ങളും ക്രമപ്പെടുത്തി ഒരു ഓഡിറ്റ് റിപ്പോർട്ടും അംഗീകരിക്കാൻ സാധിക്കുകയില്ല എന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.67 ചർച്ചകൾക്ക് ശേഷം ഓഡിറ്റ് റിപ്പോർട്ട് സഭ അംഗീകരിച്ചു.

8.68 ഡോ. ആർ കെ ബിജു വിയോജിപ്പ് രേഖപ്പെടുത്തി.

**ii. Consider and pass resolution on the Annual Report for the year 2022.**

8.69 സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പറയുന്നത് Chapter VI – Power of the Senate Clause (5) -- Despatch of Annual Reports etc to members – The Registrar shall send to each members copies of the Annual Report, Annual Accounts and Financial Estimates, ten days before the date of commencement of the Annual Meeting എന്നാണ്. എന്നാൽ എല്ലാ സെനറ്റ് അംഗങ്ങൾക്കും രണ്ട് ദിവസത്തിനുള്ളിൽ മാത്രമാണ് ഇ-മെയിൽ വഴി വാർഷിക റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. 2 ദിവസത്തിനുള്ളിൽ 645 പേജുള്ള വാർഷിക റിപ്പോർട്ട് പരിശോധിക്കുക പ്രായോഗികമല്ല. ആയതിനാൽ ഈ റീപ്പോർട്ട് പാസ്സാക്കുന്നത് ശരിയല്ല എന്ന് ഡോ. ആർ കെ ബിജു പറഞ്ഞു.

8.70 റൂൾ പ്രകാരം 10 ദിവസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതല്ലേ എന്ന് ശ്രീ. ഷാനവാസ് എസ്.എം ചർച്ചയിൽ ഇടപെട്ട് സംസാരിച്ചു.

8.71 റൂൾ പ്രകാരം നൽകേണ്ടതാണെങ്കിലും ബഹു. സെനറ്റ് അംഗത്തിന്റെ കോളേജ് ഉൾപ്പെടെയുള്ള കോളേജുകൾക്ക് തുടർച്ചയായി ഓർമ്മക്കുറിപ്പ് നൽകിയിട്ടും

ടെലഫോൺ മുഖേന ബന്ധപ്പെട്ടിട്ടും വിവരങ്ങൾ ലഭിക്കാൻ കാലതാമസം നേരിട്ടതുകൊണ്ടാണ് നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് അംഗങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കാതിരുന്നത് എന്ന് പ്രോ. വൈസ് ചാൻസിലർ അറിയിച്ചു.

8.72 ഇത് വളരെ ഗൗരവമായി കാണേണ്ട വിഷയമാണെന്നും സർവ്വകലാശാല ഇത്തരത്തിൽ കൃത്യവിലോപം വരുത്തുന്ന കോളേജുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണെന്നും ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പറഞ്ഞു.

8.73 ഇനി മുതൽ അത്തരം നടപടികളിലേക്ക് പോകാമെന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ വി അറിയിച്ചു.

8.74 അപാകതകൾ ഉണ്ടെങ്കിൽ എഴുതി തരാവുന്നതാണ് എന്നും വാർഷിക റിപ്പോർട്ട് പാസ്സാക്കുന്നതായും വൈസ് ചാൻസിലർ അറിയിച്ചു.

8.75 ഡോ. ആർ.കെ ബിജു, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ശ്രീ. ഷാനവാസ് എസ്.എം, ശ്രീ. സതീശൻ പി.കെ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

## III. Business brought forward by the members of the Senate.

8.76 <u>അടിയന്തിര പ്രമേയം</u>

8.77 ഡോ. സുരേഷ് കുമാർ കെ.എസ് അടിയന്തിര പ്രമേയം അവതരിപ്പിച്ചു.
ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് ബിരുദ-ബിരുദാനന്തര ബിരുദ പഠനങ്ങളുടെ പ്രവേശനത്തിന് നിശ്ചിത എണ്ണം സീറ്റുകൾ സർക്കാർ സംവരണം ചെയ്ത്.
എന്നാൽ പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങളോ പ്രത്യേക സഞ്ചാര വഴികളുള്ള റാമ്പ് പോലുള്ള അടിസ്ഥാന സൗകര്യങ്ങളോ ക്ലാസ്സ് മുറികളിൽ ആവശ്യമായ പ്രത്യേക സൗകര്യങ്ങളോട് കൂടിയ ഇരിപ്പിടങ്ങളോ ആവശ്യമായ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് സൗകര്യങ്ങളോ ഒന്നും നമ്മുടെ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ഭൂരിഭാഗം കോളേജുകളിലും ഇന്നില്ല എന്ന പരിതാപകരമായ അവസ്ഥ തുടരുന്നു.
ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ കൃത്യമായ പരിശോധന വേണമെന്നും ഈ മധ്യവേനലവധി കാലത്ത് തന്നെ ആവശ്യമായ എല്ലാ സൗകര്യങ്ങളും കോളേജുകൾ ഏർപ്പെടുത്തുമെന്ന് ഉറപ്പു വരുത്തണമെന്നും ഈ അടിയന്തിര പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.78 അടിയന്തിര പ്രമേയം സഭ അംഗീകരിച്ചു.

ഔദ്യോഗിക പ്രമേയം

8.79 ഡോ. കെ.ടി ചന്ദ്രമോഹനൻ ഔദ്യോഗിക പ്രമേയം അവതരിപ്പിച്ചു.

8.80 കേരള സർക്കാർ വിഭാവനം ചെയ്യത സയൻസ് പാർക്കുകളിൽ ഒന്ന് കണ്ണൂരിന് അനുവദിച്ചു നൽകി കണ്ണൂർ സർവ്വകലാശാലയുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ സാഹചര്യം ഒരുക്കിയ സർക്കാർ നടപടിയെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

8.81 ശ്രീ. പ്രമോദ് കുമാർ കെ വി പ്രമേയത്തെ പിന്താങ്ങി.

8.82 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.1

Dr. ISMAIL OLAYIKKARA moved the resolution

ചോദ്യപേപ്പറിന്റെ ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം നടപ്പിൽ വന്നപ്പോൾ കോളേജുകളിൽ ഇതുമായി ബന്ധപ്പെട്ട് അധിക അധ്വാനവും അധിക സമയവും വിനിയോഗിക്കപ്പെടേണ്ടി വരുന്നുണ്ട്. അതിനാൽ ചോദ്യപേപ്പർ പ്രിന്റ് ഔട്ട് എടുത്ത് വിതരണം ചെയ്യും വരെയുള്ള ടെക്നിക്കൽ ഡ്യൂട്ടി ചെയ്യാൻ അദ്ധ്യാപകരെ പ്രത്യേക തസ്തിക നൽകി പരീക്ഷ സമയത്ത് നിയോഗിക്കണമെന്നും അതിന് പ്രത്യേകം റെമ്യൂണറേഷൻ അനുവദിക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.83 ഡോ. ഷനോജ് എം.പി പ്രമേയത്തെ പിന്താങ്ങി.

8.84 നിലവിൽ ഒരു ചോദ്യപേപ്പറിന് 5 രൂപ വെച്ച് നല്കുന്നുണ്ട്. അത് കേവലം പ്രിന്റിംഗ് കോസ്റ്റ് മാത്രം വഹിക്കുന്നതിന് വേണ്ടിയല്ല, സബോർഡിനേറ്റ് സ്റ്റാഫായി വരുന്നവർക്കുള്ള റെമ്യൂണറേഷൻ ഉൾപ്പെടെ നിർവ്വഹിക്കുന്നതിന് വേണ്ടിയാണ്. സർവ്വകലാശാലയുടെ ജോലിഭാരത്തിനപ്പുറം ക്വസ്റ്റ്യൻ പേപ്പറിന്റെ സുഗമമായൊരു ട്രാൻസ്മിഷൻ നടക്കുന്നുണ്ട്. സാമ്പത്തികമായൊരു മെച്ചം സർവ്വകലാശാലയ്ക്കുണ്ട്. കാര്യങ്ങൾ വേഗത്തിൽ നീങ്ങുന്നുണ്ട്. സർവ്വകലാശാലയിൽ വിശദമായ ചർച്ചയ്ക്ക് ശേഷമാണ് ഒരു ചോദ്യപേപ്പറിന് 5 രൂപ നല്കിയിട്ടുള്ളത്. ഒരു ചോദ്യപേപ്പറിന്റെ ഒരു പുറം പ്രിന്റ് ചെയ്യുന്നതിന് എത്ര പൈസ ആകും എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടാണ് 5 രൂപ നല്കുന്നത് എന്ന് പ്രോ വൈസ് ചാൻസിലർ അറിയിച്ചു.

8.85 മിക്കവാറും ചോദ്യങ്ങൾ 5 പേജ്, 6 പേജ് ഒക്കെ വരാറുണ്ടെന്നും 5 രൂപയ്ക്ക് ഒരു അദ്ധ്യാപകനെ അല്ലെങ്കിൽ അതിന്റെ ചാർജ്ജുള്ള ഒരാൾക്ക് റെമ്യൂണറേഷൻ കൂടി നൽകി നിയമിക്കാൻ കോളേജിനെ സംബന്ധിച്ചിടത്തോളം സാധിക്കില്ല എന്ന് സർവ്വകലാശാലയ്ക്ക് തന്നെ അറിയാം എന്ന് ഡോ. ഇസ്മായിൽ ഓലായിക്കര പറഞ്ഞു.

8.86 ചില ചോദ്യങ്ങൾ 3 പേജുകൾ മാത്രമേ ഉണ്ടാകാറുള്ളു പ്രോ. വൈസ് ചാൻസിലർ അഭിപ്രായപ്പെട്ടു.

8.87 ഇത് പുതിയ സാഹചര്യമാണെന്നും കാര്യങ്ങൾ പരിശോധിച്ച് നമുക്ക് എന്ത് നടപടി സ്വീകരിക്കാൻ പറ്റും എന്ന് നോക്കാമെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

8.88 ഇത് പഠിച്ചിട്ട് തീരുമാനിക്കാവുന്നതാണെന്ന് ചെയർ അറിയിച്ചു.

8.89 ചില വിഷയങ്ങളിൽ 6 പേജിൽ കൂടുതൽ വരാറുണ്ട്. ക്വസ്റ്റ്യൻ പേപ്പർ എത്രയാണ് എന്നറിഞ്ഞ് കുട്ടിയുടെ നോമിനൽ റോൾ ഇതിന്റെ കൂടെ കൊടുക്കാൻ ആവശ്യപ്പെടുന്നു. നോമിനൽ റോളിൽ കുട്ടികളുടെ എണ്ണത്തെ 5 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക മാത്രമാണ് കോളേജുകൾക്ക് കിട്ടുന്നത്. ക്വസ്റ്റ്യൻ പേപ്പറിന്റെ കൂടെ അഡീഷണലായി ആൻസർ ഷീറ്റ് വെക്കുമ്പോൾ ക്വസ്റ്റ്യൻ പേപ്പർ വേണം, ലൈബ്രറിയിൽ കൊടുക്കാൻ ക്വസ്റ്റ്യൻ പേപ്പർ വേണം, സ്ക്രൈബിനും ക്വസ്റ്റ്യൻ പേപ്പർ വേണം. ഇതിലെ എണ്ണം കൂടുതൽ പറയാതെ നോമിനൽ റോളിലെ കുട്ടികളുടെ എണ്ണം മാത്രമായി പരിഗണിച്ചാൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന് ശ്രീ. സതീശൻ പി.കെ ചോദിച്ചു.

8.90 നല്ല നിർദ്ദേശമാണെന്നും പഠിച്ചിട്ട് തീരുമാനിക്കാമെന്നും വൈസ് ചാൻസിലർ അറിയിച്ചു.

8.91 ക്വസ്റ്റ്യൻ പേപ്പറിന്റെ 5 രൂപ കൂട്ടണമെന്നല്ല എന്നും പ്രിന്റ് എടുക്കാൻ ചാർജ്ജുള്ള ഒരു അദ്ധ്യാപകനെ നിയമിക്കണം എന്നുമാണ് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നതെന്ന് ഡോ. ഇസ്മായിൽ ഓലായിക്കര പറഞ്ഞു.

8.92 പഠിച്ചിട്ട് തീരുമാനിക്കാമെന്ന് ചെയർ പറഞ്ഞു.

8.93 ചർച്ചകൾക്ക് ശേഷം പ്രമേയം സഭ പാസ്സാക്കി.

Resolution No.2

<u>Dr. SHANOJ M.P.</u> moved the resolution

വൈജ്ഞാനിക മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് കേരള സർക്കാർ, ദേശിയ വിദ്യാഭ്യാസ പദ്ധതിക്ക് ബദലായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ തനിപ്പകർപ്പാണെന്ന് വ്യാഖ്യാനിച്ചു വരുന്ന വ്യാജ വാർത്തകളെയും അവ സൃഷ്ടിക്കുന്ന ഏജൻസികളെയും തിരിച്ചറിയണമെന്ന് പൊതുസമൂഹത്തോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.94 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.95 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.3

<u>Dr. SURESH KUMAR K.S.</u> moved the resolution

രാജ്യത്തെ സർവ്വകലാശാല-കോളേജ് അദ്ധ്യാപകരുടെ 1.1.2016 മുതൽ 31.3.2019 വരെയുള്ള ശമ്പള കുടിശ്ശിക 22 സംസ്ഥാനങ്ങൾക്ക് നൽകാതെ തടഞ്ഞു വെച്ച കേന്ദ്ര നടപടി പിൻവലിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.96 ശ്രീ. സാജു പി ജെ പ്രമേയത്തെ പിന്താങ്ങി.

8.97 ഇതിൽ കേന്ദ്രസർക്കാരിനെതിരെ പ്രതിഷേധിക്കണമെന്ന് പറയുന്ന ഭാഗത്തോട് യോജിക്കുന്നു.അതേ സമയം യു.ജി.സി. യുടെ അരിയർ അതി ഭീമമായ സംഖ്യ അദ്ധ്യാപകർക്ക് കിട്ടാനുണ്ടായിരുന്നു.ഇതിൻരെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 26/06/2018 ന് എല്ലാ സംസ്ഥാനത്തേയും എജ്യുക്കേഷൻ സെക്രട്ടറിമാർക്ക് യു.ജി.സി. യിൽ നിന്ന് കത്ത് വന്നിട്ടുണ്ടായിരുന്നു. നാല് വർഷം കഴിഞ്ഞ് 24/02/2022 ന് അതിന്റെ ഓർമ്മക്കുറിപ്പും വന്നിട്ടുണ്ടായിരുന്നു. 28/02/2022 ന് മുമ്പായി അത് തയ്യാറാക്കി യു.ജി.സി. യിൽ എത്തിക്കണം എന്നതായിരുന്നു നിർദ്ദേശം. അവസാന തീയ്യതി ആയ 31/03/2022 ന് ശേഷം ഏപ്രിൽ മാസത്തിലാണ് കേരള സർക്കാരിൽ നിന്ന് ഇത്തരമൊരു നിർദ്ദേശം അങ്ങോട്ടേക്ക് പോയിട്ടുള്ളത്. ഇത് കൂടി പ്രമേയത്തിന്റെ കൂടെ ചേർക്കണമെന്നും പ്രതിഷേധിക്കുമ്പോൾ യു.ജി.സിക്കെതിരേയും കേന്ദ്രസർക്കാരിനെതിരേയും മാത്രമല്ല കേരള സർക്കാരിനെതിരേയും പ്രതിഷേധിക്കണമെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പറഞ്ഞു.

8.98 27/07/2022 ന് Minister of Education, Govt. of India, Department of Higher Education ന്റെ ഒരു സർക്കുലർ ഉണ്ടായിരുന്നു. അതിനകത്താണ് 50% തുക കേന്ദ്ര സർക്കാർ നൽകില്ല എന്ന് പറയുന്നത്. മുമ്പ് സംസാരിച്ച സെനറ്റംഗം പരാമർശിച്ചതുപോലെ കേരള സർക്കാരിന്റെ ഭാഗത്തുനിന്നും ഈ വിഷയത്തിൽ

വീഴ്ച ഉണ്ടായിട്ടുണ്ട്. കാരണം 2022 മാർച്ച് 31 ന് മുമ്പ് എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ട് കേന്ദ്ര സർക്കാരിലേക്ക് നൽകണമെന്ന് പറഞ്ഞത്. പക്ഷേ അത് പലവട്ടം ആവശ്യപ്പെട്ടിട്ടും നമ്മുടെ സംസ്ഥാന സർക്കാർ നൽകിയിട്ടില്ല. അതുകൊണ്ടാണ് 750/- കോടി രൂപ നൽകില്ല എന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞിരിക്കുന്നത്. 27/07/2022 ലെ സെൻട്രൽ മിനിസ്റ്ററിയുടെ കത്ത് പ്രകാരം 1500/- കോടി രൂപയാണ് അദ്ധ്യാപകർക്ക് നൽകേണ്ടിയിരുന്നത്. 750/- കോടി കേന്ദ്ര സർക്കാരും 750/- കോടി കേരള സർക്കാരും ചേർന്നാണ് ഈ തുക നൽകേണ്ടത്. ഒരു അദ്ധ്യാപകന് 5 ലക്ഷം രൂപയ്ക്ക് മുകളിലാണ് ലഭിക്കാനുള്ളത്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടായിട്ടുള്ളതു കൊണ്ടാണ് ഇത് ലഭിക്കാതിരുന്നത് എന്ന കാര്യം ഈ പ്രമേയത്തിൽ ബഹു. അംഗം ചേർത്തതായി കാണുന്നില്ല. ടി വിഷയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ച് നീങ്ങണം എന്ന് ഡോ. ആർ കെ ബിജു അഭിപ്രായപ്പെട്ടു.

8.99 മേൽ വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സമയബന്ധിതമായിതന്നെ കണക്കുകൾ നൽകിയിട്ടുണ്ട് എന്ന് കൃത്യമായി വാർത്താ സമ്മേളനത്തിലും നിയമസഭയിലും പ്രതിപാദിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ദിവസത്തിന്റെ കണക്ക് പറഞ്ഞ് തെറ്റിദ്ധാരണാജനകമായി പറയുന്നത് ശരിയല്ല.കേന്ദ്രത്തിൽ നിന്ന് കേരളത്തിന് മാത്രമല്ല 22 സംസ്ഥാനങ്ങൾക്കും ഫണ്ട് ലഭിക്കാനുണ്ട് എന്ന് ഡോ. സുരേഷ് കുമാർ കെ.എസ് പറഞ്ഞു.

8.100 27/7/2022 ലെ സർക്കുലർ പ്രകാരം ഇനം നമ്പർ 12 ൽ State govt. has requested to take necessary action to submit complete proposal for investment of 50% Central fair under this scheme on or before 31/03/2022 എന്ന് പറഞ്ഞിട്ടുണ്ട്. അതിന് താഴെയായി In view of the above, it has decided to close the scheme of reimbursement of 50% of central fair for implementation of the revised pay 7th CPC for teachers, state universitiesand colleges to state govt w.e.f. 01/04/2022 എന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട് എന്ന് ഡോ. ഈർ.കെ ബിജു പറഞ്ഞു.

8.101 ഉന്നത വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ കൃത്യമായി പറഞ്ഞിട്ടുണ്ട് എന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.102 പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് സെനറ്റംഗങ്ങൾ സംസാരിക്കുന്നത്. 80% : 20% കേന്ദ്ര സംസ്ഥാന നിരക്ക്, 80% ത്തിൽ നിന്ന് 50% ത്തിലേക്കും 33% ത്തിലേക്കും കൊണ്ട് വന്നത് ബഹു. അംഗം കണ്ടില്ലേ. ശ്രദ്ധ മുഴുവൻ കേരളം കേന്ദ്ര സർക്കാരിലേക്ക് കൊടുത്തില്ല എന്നതിലേക്ക് മാത്രമായി ഒതുങ്ങുന്നു എന്നത് ഒരു തരം അന്ധതയാണ്. സംസ്ഥാനം കൊടുത്തിട്ടില്ല എന്ന് കേന്ദ്രം പറയുന്നത് കളവാണെന്ന് എ.ജി അടക്കം വളരെ കൃത്യമായി സൂചിപ്പിച്ചു. ആ കത്ത് നിങ്ങൾക്ക് എന്തുകൊണ്ട് കിട്ടുന്നില്ല. കേരള സർക്കാർ മുഴുവൻ അദ്ധ്യാപകരുടെയും അവകാശങ്ങൾ പിടിച്ച് വെക്കുകയാണ് എന്നുള്ള കുപ്രചാരണത്തിന്റെ ഭാഗമായിട്ടാണിത്. നമ്മൾ എല്ലാം ഉൾപ്പെടുന്ന സമൂഹത്തിന് മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യം കേന്ദ്ര സർക്കാർ 80%, 50%, 33% ഇനി റിവിഷനേ ഇല്ല എന്ന കാലഘട്ടത്തിലേക്ക് പോകുമ്പോൾ കുറച്ചുകൂടി വ്യക്തതയോടെയും കാര്യങ്ങളെ വസ്തു നിഷ്ഠമായും പരിശോധിക്കേണ്ടതാണ് എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി അഭിപ്രായപ്പെട്ടു.

8.103 ഈ വിഷയത്തിൽ 2010 മുതൽ വളരെ കൃത്യമായി ഇതിന്റെ വിശദാംശങ്ങൾ കൊടുത്തതാണ്. കൊടുത്തതിൽ ചില ക്ലാരിറ്റി വേണം എന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും 2022 മാർച്ച് 31 വരെ സംസ്ഥാന സർക്കാരിന് സമയം അനുവദിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് 22 ന് പൂർണ്ണമായി നൽകിയിട്ടുണ്ട് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ വളരെ കൃത്യമായി ചെയ്തിട്ടുണ്ട് എന്ന് ശ്രീ. എം വിജിൻ പറഞ്ഞു.

8.104 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.4

Dr. ISMAIL OLAYIKKARA moved the resolution

കലോത്സവ മാന്വൽ പരിഷ്കരണം നടത്തുകയും വൈവിധ്യ പൂർണ്ണമായ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുകയും കലോത്സവത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം ഉറപ്പ് വരുത്തുകയും ചെയ്ത കണ്ണൂർ സർവ്വകലാശാലയെ ഈ പ്രമേയത്തിലൂടെ അഭിനന്ദിക്കുന്നു.

8.105 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

8.106 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.5

Dr. M. SINI moved the resolution

കണ്ണൂർ സർവ്വകലാശാല പഠന വകുപ്പുകളിൽ ഗവൺമെന്റ് അംഗീകരിച്ച അദ്ധ്യാപക തസ്തികകളിൽ ഉടൻ നിയമനം നടത്താനാവശ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.107 ഡോ. ഷനോജ് എം പി പ്രമേയത്തെ പിന്താങ്ങി.

8.108 ബഹു. അംഗത്തിന് അറിയാവുന്നത് പോലെ തന്നെ അനുവദിക്കപ്പെട്ട തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഡീൻ നിയമനം പൂർത്തിയായിക്കഴിഞ്ഞു. സ്ക്രൂട്ടിനി ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട സമിതികളുടെ പാനലും മറ്റും അപ്രൂവ് ചെയ്ത് കഴിഞ്ഞാൽ നിയമന പ്രക്രിയയിലേക്ക് കടക്കുന്നതാണെന്ന് പ്രോ. വൈസ് ചാൻസിലർ പറഞ്ഞു.

8.109 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.6

Sri. SATHEESAN P.K. moved the resolution

കണ്ണൂർ സർവ്വകലാശാലയിലെ വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന ജീവനക്കാർക്ക് കണ്ണൂർ താവക്കര ക്യാമ്പസിൽ ക്വാർട്ടേഴ്സ് അനുവദിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.110 ശ്രീ. സാജു പി.ജെ പ്രമേയത്തെ പിന്താങ്ങി.

8.111 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.7

Dr. SURESH KUMAR K.S. moved the resolution

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്ക്രൈബുകളായി ഒരു ബാച്ച് താഴെയുള്ള വിദ്യാർത്ഥികളെ അനുവദിക്കാനാണ് നിലവിൽ നിയമമുള്ളത്. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്ക് പരീക്ഷ നടക്കുമ്പോൾ അവർക്ക് സ്ക്രൈബുക ളാവേണ്ടുന്ന +2 വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കുള്ള ക്ലാസുകളും നടക്കുന്ന സാഹചര്യത്തിൽ സ്ക്രൈബുകളെ ലഭിക്കാത്ത സാഹചര്യമാണ്. ഈ പ്രായോ ഗിക ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമം കുറേ ക്കൂടി ഭിന്നശേഷി സൗഹൃദപരമാക്കണമെന്ന് യു.ജി.സി.യോട് ഈ പ്രമേയത്തി ലൂടെ ആവശ്യപ്പെടുന്നു.

8.112 ഡോ. ഇസ്മയിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.113 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.8

Dr. SHANOJ M.P. moved the resolution

കണ്ണൂർ സർവ്വകലാശാലയിൽ ശാസ്ത്രമേള നടത്താനുള്ള ആലോചന ദീർഘകാ ലമായി നടക്കുന്നതാണ്. മുമ്പത്തെ സെനറ്റുകളിൽ ചോദ്യങ്ങളും പ്രമേയങ്ങളു മായി ഈ വിഷയം ഉന്നയിച്ചിട്ടുണ്ടെങ്കിലും മേൽ നടപടികളൊന്നും വന്നിട്ടില്ല. ശാസ്ത്ര-മാനവിക-ഭാഷാ-സാമൂഹ്യ വിഷയങ്ങളിൽ അക്കാദമിക് കാർണിവൽ നടത്താനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം കൈക്കൊള്ളണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.114 ഡോ. വിജയൻ കെ പ്രമേയത്തെ പിന്താങ്ങി.

8.115 ശാസ്ത്രമേളകളുടെ കാര്യങ്ങൾ മുമ്പ് സെനറ്റ് യോഗങ്ങളിൽ വന്നിരുന്നു. നമ്മുടെ സർവ്വകലാശാലയുടെ പ്രത്യേകത മൾട്ടി ക്യാമ്പസ് സർവ്വകലാശാലയാണ്. മറ്റ് സർവ്വകലാശാലകൾ ചെയ്യുന്നതുപോലെ എന്റയർ യൂണിവേഴ്സിറ്റി വർക്ക്ഷോപ്പ് നടത്താൻ നമുക്ക് കഴിയില്ല. ഈ കഴിഞ്ഞ ദേശീയ ശാസ്ത്ര ദിനത്തോടനുബ ന്ധിച്ച് വിവിധ ക്യാമ്പസ്സിലെ വിവിധ പഠന വകുപ്പുകളിൽ വളരെ വ്യത്യസ്തമായ പരിപാടികൾ നടത്തിയിരുന്നു. വിദ്യാർത്ഥികൾ ക്യാമ്പസ്സിലേക്ക് കടന്നുവന്ന് ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരും ജോയിന്റ് പാർട്ടിസിപ്പേഷൻ നടത്തി. ദേശീയ ശാസ്ത്ര ദിനത്തിന്റെ സർവ്വകലാശാല തലത്തിലെ ഉദ്ഘാടനം പൂർവ്വവിദ്യാർത്ഥി കൾ ഉൾപ്പെടെയുള്ള പങ്കാളിത്തത്തിൽ പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ സർവ്വകലാശാല ആസ്ഥാനത്ത് നടന്നു. നമ്മുടെ പരിമിതി എന്ന് പറയുന്നത് മൾട്ടി ക്യാമ്പസ് സംവിധാനത്തിൽ എവിടെ വെച്ച് എങ്ങനെ ഒരു പരിപാടി നടത്തികൊ ണ്ടുപോകാൻ കഴിയും എന്നുള്ളതാണ്. വിവിധ ക്യാമ്പസുകളിൽ ദേശീയ ശാസ്ത്രമേളകൾ, സാങ്കേതിക വിദ്യാദിനം, ജല ദിനം, പരിസ്ഥിതി ദിനം എല്ലാം തന്നെ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട് എന്ന് പ്രോ വൈസ് ചാൻസിലർ പറഞ്ഞു.

8.116 അഫിലിയേറ്റഡ് കോളേജുകളിലെ മുഴുവൻ വിദ്യാർത്ഥികളേയും മുഴുവൻ അദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ നടത്തണമെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

8.117 ബജറ്റ് ചർച്ചയുമായി ബന്ധപ്പെട്ടു കൊണ്ട് ശാസ്ത്രമേള മാത്രമല്ല സാമൂഹിക ഭാഷാ മാനവിക വിഷയങ്ങളിലുള്ള സർവ്വകലാശാല കേന്ദ്രീകരിച്ചുകൊണ്ട് എല്ലാ വരേയും ഉൾപ്പെടുത്തിക്കൊണ്ട് നടത്താനാവശ്യമായിട്ടുള്ള ചർച്ചകൾ ആരംഭിച്ചി ട്ടുണ്ട് എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

8.118 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.9

Dr. ISMAIL OLAYIKKARA moved the resolution

യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള നാഷണൽ കരിക്കുലം ഫ്രെയിംവർക്ക്, നാഷണൽ ക്രെഡിറ്റ് ഫ്രെയിം വർക്ക് എന്നിവ ആവശ്യമായ അഭിപ്രായ ശേഖരണത്തിനും പൊതുചർച്ചകൾക്കും ശേഷം മാത്രമേ കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നടപ്പിൽവരു ത്താവൂ എന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.119 ഡോ. ഷനോജ് എം പി പ്രമേയത്തെ പിന്താങ്ങി.

8.120 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.10

Dr. PREMACHANDRAN KEEZHOTH moved the resolution

ഈ സെനറ്റ് നിലവിൽ വന്നതിനു ശേഷം എല്ലാ സെനറ്റ് മീറ്റിംഗിലും ചോദ്യങ്ങ ളായും പ്രമേയങ്ങളായും ഉന്നയിക്കുന്ന വിഷയമാണ് എൻ.സി.സി. അവാർഡു കൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച്. എൻ.എസ്.എസിന് എല്ലാവർഷവും അവാർഡ് വിതരണം ചെയ്യുമ്പോൾ എൻ.സി.സി. വിദ്യാർത്ഥികളെ മാത്രം അവഗ ണിക്കുന്നത് ഇനിയെങ്കിലും അവസാനിപ്പിച്ച് അവാർഡുകൾ വിതരണം ചെയ്യണ മെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.121 ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

8.122 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.11

Dr. PREMACHANDRAN KEEZHOTH moved the resolution

കണ്ണൂർ സർവ്വകലാശാലയിലെ രജിസ്ട്രാർ നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട സത്യവാങ്മൂലത്തിൽ കേരളത്തിലെ കോളേജ് അദ്ധ്യാപകർ കോഴ്സ് ഉള്ളടക്കം രൂപീകരിക്കുന്നില്ല, ടെക്സ്റ്റ് ബുക്കു കൾ എഴുതുന്നില്ല, ഗവേഷണത്തിന് ആവശ്യമായ അനുയോജ്യമായ കണ്ടെത്തലു കൾ നടത്തുന്നില്ല, ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നില്ല മുതലായ തികച്ചും സത്യ ത്തിന് നിരക്കാത്ത കാര്യങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ പ്രസ്തുത സത്യവാങ്മൂലം പിൻവലിച്ച് കോളേജ് അദ്ധ്യാപകരെ ഇകഴ്ത്തുന്ന ഭാഗങ്ങൾ മാറ്റി സമർപ്പിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.123 പ്രമേയം സമർപ്പിക്കുന്ന സമയത്ത് ഈ വിഷയം ഉണ്ടായിരുന്നത് കൊണ്ടാണ് ഈ വിഷയം ഉന്നയിച്ചതെന്ന് ഡോ. പ്രേമചന്ദ്രൻ കീഴോത്ത് പറഞ്ഞു.

8.124 ഈ വിഷയം അറിഞ്ഞപ്പോൾ തന്നെ ഇത് തിരുത്തണമെന്ന് പറഞ്ഞ് സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകിയതായി മുമ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ശ്രീ. സാജു പി.ജെ പറഞ്ഞു.

8.125 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.12

Dr. SURESH KUMAR K.S. moved the resolution

2022-ലെ പിഎച്ച്ഡി റെഗുലേഷനിൽ വിരമിക്കാൻ മൂന്ന് വർഷത്തിൽ താഴെ മാത്രം കാലാവധിയുള്ള അദ്ധ്യാപകർക്ക് പുതിയ റിസർച്ച് സ്കോളേഴ്സിനെ സ്വീകരിക്കാൻ സാധിക്കില്ല എന്നും എന്നാൽ അവർക്ക് കോ-സൂപ്പർവൈസർമാരായി സൂപ്പർ ആന്വേഷന് ശേഷം 70 വയസ്സ് വരെ തുടരാമെന്നും പറയുന്നു. കോ-സൂപ്പർവൈസർമാരായി 70 വയസ്സ് വരെ തുടരാവുന്നവർക്ക് വിരമിക്കുന്നതിനും 3 വർഷം മുമ്പ് വരെ മാത്രമേ ഗവേഷണ വിദ്യാർത്ഥികളെ സ്വീകരിക്കാവൂ എന്ന നിർദ്ദേശം നീതിയുക്തമല്ല. ഇത് പുനഃപരിശോധിക്കണമെന്ന് ഈപ്രമേയത്തിലൂടെ യു.ജി.സി.യോട് ആവശ്യപ്പെടുന്നു.

8.126 ഡോ. ഇസ്മയിൽ ഓലായിക്കര പ്രമേയത്തെ പിന്താങ്ങി.

8.127 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.13

Dr. R.K BIJU moved the resolution

പരീക്ഷാ വിഭാഗം അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതു മുതൽ കാണിക്കുന്ന ശ്രദ്ധക്കുറവുകൾ കൊണ്ട് വിദ്യാർത്ഥികളിലും അദ്ധ്യാപകരിലും വലിയ ആശങ്കകൾ സൃഷ്ടിക്കുന്നു. ആയതിനാൽ പരീക്ഷാ വിഭാഗം കാര്യക്ഷമമായി ഇടപെടുവാൻ ശ്രദ്ധിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.128 ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

8.129 പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് കോവിഡ് മുലമുണ്ടായ പ്രതിസന്ധി കണ്ണൂർ സർവ്വകലാശാലയെ സംബന്ധിച്ച് ഏറ്റവും മാതൃകാ പരമായ രീതിയിലാണ് ആ പ്രതിസന്ധിയെ നാം മറികടന്നത്. അക്കാദമിക് കം പരീക്ഷാ കലണ്ടർ തയ്യാറാക്കുമ്പോൾ ആ രീതിയിൽ തന്നെ നടത്താനാണ് പരമാവധി നടത്തിത്തീർക്കാനാണ് സർവ്വകലാശാല ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ നേരത്തെ സൂചിപ്പിച്ചപോലെ പ്രത്യേക സാഹചര്യങ്ങൾ വരുന്ന സമയത്ത് പരീക്ഷകളുടെ രീതിയിലും ചെറിയ മാറ്റങ്ങൾ വരാറുണ്ട്. കലോത്സവം തുടങ്ങിയ കാരണങ്ങളാൽ സാധാരണ അത്തരം ചെറിയ മാറ്റങ്ങൾ വരാറുണ്ട്. ഇനിയുള്ള അക്കാദമിക വർഷത്തെ അക്കാദമിക കലണ്ടർ തയ്യാറാക്കി കഴിഞ്ഞു. മാർച്ച് 25 ന് അത് പൂർത്തീകരിച്ചു കഴിഞ്ഞു. അടുത്ത എക്സാം മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുകയും അടുത്ത വർഷം പ്രഖ്യാപിക്കുന്ന തീയ്യതിയിൽ തന്നെ പരീക്ഷാ നടത്തിപ്പുമായി മുന്നോട്ട് പോകും എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

8.130 കഴിഞ്ഞ വർഷം വന്ന ചില താളപ്പിഴകളുടെ ഭാഗമായി വന്നതാണ്. അതുകൊണ്ട് പരീക്ഷാ വിഭാഗത്തെ പൂർണ്ണമായും കുറ്റപ്പെടുത്തുന്ന ഈ പ്രമേയം തള്ളിക്കളയണമെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് അഭിപ്രായപ്പെട്ടു.

8.131 പരീക്ഷാ വിഭാഗത്തെ കുറ്റപ്പെടുത്തിയതല്ലെന്നും സർക്കുലർ ഇറക്കുമ്പോൾ ശ്രദ്ധിക്കണമെന്നാണ് പറഞ്ഞതെന്നും ഡോ ആർ കെ ബിജു പറഞ്ഞു.

8.132 കോളേജുകളുടെ നിരന്തരമായ ആവശ്യത്തെത്തുടർന്നാണ് പരീക്ഷ തീയ്യതിക ളിൽ മാറ്റങ്ങൾ പലപ്പോഴും വരുന്നതെന്ന് ഡോ. സുരേഷ് കുമാർ കെ.എസ് പറ ഞ്ഞു.

8.133 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.14

Smt. SONA P moved the resolution

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരീക്ഷയെഴുതാൻ സഹായി ക്കുന്ന സ്ക്രൈബുകൾക്ക് വളരെ തുച്ഛമായ തുകയാണ് നിലവിൽ റെമ്യൂണറേഷ നായി നൽകുന്നത്. ഈ തുകയിൽ വർദ്ധനവ് വരുത്തണമെന്ന് ഈ പ്രമേയത്തി ലൂടെ ആവശ്യപ്പെടുന്നു.

8.134 ഡോ. മഞ്ജുള കെ വി പ്രമേയത്തെ പിന്താങ്ങി.

8.135 പരിശോധിച്ച് തീരുമാനം എടുക്കുന്നതാണെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ. ടി. ചന്ദ്രമോഹനൻ പറഞ്ഞു.

8.136 സ്ക്രൈബുകളെ അതാത് കോളേജ് തന്നെ കണ്ടെത്തുന്ന രീതിയാണ് നല്ലത്. കാരണം സ്ക്രൈബ് തന്നെ പഠിച്ച് വന്ന് പരീക്ഷ എഴുതുന്നു. പരീക്ഷാർത്ഥി അറി യാത്ത രീതിയിൽ സ്ഥാപനം തന്നെ സ്ക്രൈബിനെ നൽകുന്ന രീതി കൊണ്ടുവര ണമെന്ന് ഡോ. ആർ. കെ ബിജു പറഞ്ഞു.

8.137 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.15

Sri. SAJU P.J. moved the resolution

2014 ഏപ്രിൽ മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും എൻ.പി.എസ് പെൻഷൻ സമ്പ്രദായം അവസാനിപ്പിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നട പ്പിലാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

8.138 ശ്രീ. സതീശൻ പി.കെ പ്രമേയത്തെ പിന്താങ്ങി.

8.139 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.16

Sri. SAJU P.J. moved the resolution

കേരള സർക്കാരിന്റെ P&ARD യുടെ 12.5.2016-ൽ നൽകിയ റിപ്പോർട്ടിൽ പഠനം നടത്തി കണ്ടെത്തിയ 326 തസ്തികകളിൽ ബാക്കിയുള്ള 226 തസ്തികകളിലും (100 തസ്തിക 2018 വർഷത്തിൽ അനുവദിച്ചു) കേരള സർക്കാരിന്റെ GO(Ms) NO.392/2019/HEDN തീയ്യതി 12.12.2019 പ്രകാരം കരാർ നിയമനമായി അനുവദിച്ച 41 തസ്തികകളിലും സ്ഥിരം നിയമനം നടത്തുന്നതിന് സർവ്വകലാശാലയ്ക്ക് തസ്ത ികകൾ അനുവദിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

8.140 ശ്രീ. സേതുമാധവൻ ടി പ്രമേയത്തെ പിന്താങ്ങി.

8.141 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.17

<u>Sri. SATHEESAN P.K.</u> moved the resolution

കണ്ണൂർ സർവ്വകലാശാല പരീക്ഷകൾ ചോദ്യപേപ്പർ ഓൺലൈൻ ആയി പരീക്ഷാ സെന്ററിൽ നിന്ന് ഫോട്ടോ കോപ്പി എടുത്ത് നൽകുമ്പോൾ അതാത് ദിവസത്തെ ചോദ്യപേപ്പറിന്റെ വിഷയം തിരിച്ച് എത്ര എണ്ണം പേപ്പർ വേണമെന്നുള്ളത് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് മുൻകൂട്ടി നൽകണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.142 മുൻകൂട്ടി നൽകാത്തതിനാൽ കസ്റ്റ്യൻ പേപ്പറിന്റെ എണ്ണത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. മുമ്പ് നോമിനൽ റോൾ തരുന്ന സമയത്ത് തന്നെ കൃത്യമായി ഏതാണോ പരീക്ഷാ അതിന്റെ എണ്ണം തന്നിരുന്നു. ഇപ്പോൾ തരാത്തതിനാൽ പരീക്ഷാ ഹോളിൽ പരീക്ഷയുടെ സമയത്ത് അവ്യക്തത വരുത്തുന്നു. അത് പരി ഹരിക്കണമെന്നും പരീക്ഷയുടെ രണ്ട് ദിവസം മുന്നേ എതൊക്കെ പരീക്ഷയാ ണെന്നും സപ്ലിമെന്ററി പരീക്ഷയുണ്ടെങ്കിൽ അത് കൂടി കണക്കാക്കി എണ്ണം കൃത്യ മായി വ്യക്തമാക്കണമെന്നും ശ്രീ. സതീശൻ പി.കെ പറഞ്ഞു.

8.143 ശ്രീമതി. ലത ഇ എസ് പ്രമേയത്തെ പിന്താങ്ങി.

8.144 ഇത് അംഗീകരിക്കേണ്ട കാര്യമാണെന്നും പ്രമേയമായി കൊണ്ടുവരേണ്ട ആവശ്യ മുണ്ടായിരുന്നില്ലെന്നും ഇത് ശ്രദ്ധയിൽ പെടുത്തിയിരുന്നെങ്കിൽ അപ്പോൾ തന്നെ പരീക്ഷാ വിഭാഗത്തിൽ നിന്നും പരിഹരിക്കാവുന്ന കാര്യമായിരുന്നെന്നും സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി ചന്ദ്രമോഹനൻ പറഞ്ഞു.

8.145 ഇതിന്റെ കൂടെ ഒരു കാര്യം കൂട്ടിച്ചേർക്കാനുള്ളത് ഫീസ് വർദ്ധിപ്പിക്കുന്നുണ്ടെ ങ്കിൽ അക്കാദമിക് വർഷത്തിന്റെ ആദ്യം തന്നെ ഫീസ് വർദ്ധിപ്പിക്കണം നിലവിൽ കഴിഞ്ഞ ഡിസംബറിൽ ആണ് മാർച്ച് മാസത്തെ മുൻകാല പ്രാബ്യലത്തോടെ 10% ഫീസ് വർദ്ധിപ്പിച്ചത്. അപ്പോൾ നാലാം സെമസ്റ്ററും രണ്ടാം സെമസ്റ്ററും ഉള്ള കുട്ടി കളുടെ ഈ വർദ്ധനവിന്റെ പൈസ പോയി. നമ്മുടെ ഇ-ഗ്രാന്റ്സിന് ജൂൺ/ജൂലൈ മാസം അപേക്ഷിക്കുന്നതാണ്. ഇപ്പോൾ ഒരു വിഷയത്തിന് 145/135 രൂപയുടെ വർദ്ധനവ് വരുന്നുണ്ട്. ഈ വർദ്ധനവ് സർക്കാരിൽ നിന്നും ഇനി ലഭി ക്കില്ല. അപ്പോൾ ഡിമാന്റിൽ സർവ്വകലാശാലയ്ക്ക് തരാൻ ബാക്കിയുള്ളതായി കാണിക്കും. ഇത് ആ കുട്ടികളിൽ നിന്നും പിരിച്ചെടുക്കാൻ വളരെ ബുദ്ധിമുട്ടാണ്. അതുകൊണ്ട് അക്കാദമിക് വർഷത്തിൽ ആദ്യം തന്നെ ഫീസ് വർദ്ധിപ്പിക്കണ മെന്ന് ശ്രീ. സതീശൻ പി.കെ അഭിപ്രായപ്പെട്ടു.

8.146 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.18

<u>Dr. R.K BIJU</u> moved the resolution

2022 ഡിസംബറിൽ NAAC പുറത്തുവിട്ടിട്ടുള്ള മാന്വലിൽ കോളേജിന്റെ SSR തയ്യാറാ ക്കുമ്പോൾ ചില മെട്രിക്സുകൾക്ക് വേണ്ടി തയ്യാറാക്കേണ്ട രേഖകൾ പലപ്പോഴും യാന്ത്രികവും, അദ്ധ്യാപകരുടെ ജോലിയിൽ നിന്നും യാതൊരു ബന്ധവുമില്ലാത്ത തരത്തിലും ആണ്. ആയതിനാൽ ഓരോ സ്ഥാപനത്തേയും വിശ്വാസത്തിലെടുത്ത് കൊണ്ട് പ്രസ്തുത മാന്വൽ പരിഷ്കരിക്കുവാൻ തയ്യാറാവണമെന്ന് NAAC അധികൃ തരെ അറിയിക്കുവാൻ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.147 കഴിഞ്ഞ 2021 ഡിസംബറിൽ നാക് അക്രഡിറ്റേഷൻ സമയത്ത് SSR തയ്യാറാക്കുന്നതിന് പുതിയ ഗൈഡ് ലൈൻസ് ഉണ്ടാക്കിയിരുന്നു. അതിനകത്ത് 56 ഓളം മെട്രിക്സുകൾ വരുന്നുണ്ട്. അവ ക്വാണ്ടിറ്റേറ്റീവ് മെട്രിക്സുകളാണ്. ഈ മെട്രിക്സുകളുടെ രേഖകൾ സപ്പോർട്ടിംങ് ഡോക്യുമെന്റ്സ് തയ്യാറാക്കുവാൻ വേണ്ടി പറയുമ്പോൾ യാതൊരു തരത്തിലുള്ള മാനദണ്ഡങ്ങളും പാലിക്കാതെയാണ് തയ്യാറാക്കാൻ പറയുന്നത്. ഒരു കുട്ടി സ്ഥാപനത്തിൽ പഠിച്ചുകഴിഞ്ഞാൽ ആ വർഷങ്ങളിൽ കുട്ടി എന്തൊക്കെ ചെയ്തു എവിടെ പോയി തുടങ്ങി ആ കുട്ടിയുടെ ഐഡി കാർഡിലുള്ള രേഖകൾ കൂടി തയ്യാറാക്കി സമർപ്പിക്കുവാനാണ് പറയുന്നത്. ഓരോ മെട്രിക്സിനും ചുരുങ്ങിയത് ആയിരത്തിനും രണ്ടായിരത്തിനും ഇടയിലുള്ള പേജുകൾ അപ്ലോഡ് ചെയ്യേണ്ടതുണ്ട് എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

8.148 കോളേജുകളുടെ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട കാര്യമല്ലേ എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. പ്രസാദൻ പി.കെ ചോദിച്ചു.

8.149 കോളേജുകൾക്കും സർവ്വകലാശാലകൾക്കും ഒരേ എസ്.എസ്.ആർ തന്നെയാണ് ഉള്ളതെന്ന് എന്നും കോളേജുകളുടെ അപ്പർ ബോഡി എന്നത് സർവ്വകലാശാലയായതിനാൽ ആണ് സെനറ്റിൽ ഈ പ്രമേയം കൊണ്ടുവന്നതെന്നും 2022 ഡിസംബറിൽ പുറത്തിറക്കിയ എസ്.എസ് ആർ മാന്യൽ പരിഷ്കരിക്കണം എന്ന് യു.ജി.സിയോട് ആവശ്യപ്പെടണമെന്നും ഡോ. ആർ.കെ ബിജു പറഞ്ഞു.

8.150 നാകിനോട് ആവശ്യപ്പെടുമ്പോൾ ഏതൊക്കെ ക്രൈറ്റീരിയയിൽ ആണ് മാറ്റം വരുത്തേണ്ടതെന്ന് വ്യക്തമാക്കണമെന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. കെ.ടി. ചന്ദ്രമോഹനൻ പറഞ്ഞു.

8.151 അത് വ്യക്തമായി തയ്യാറാക്കി നൽകണമെന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

8.152 ഇത് ഒരാൾ മാത്രം കൊണ്ടുവന്ന് ചർച്ചചെയ്യേണ്ട കാര്യമല്ലെന്നും പൊതുവായി ചർച്ച ചെയ്ത് നാകിനോട് പറയോണ്ട കാര്യമാണെന്നും സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.ഒരു കുട്ടി നമ്മുടെ സ്ഥാപനത്തിൽ നിന്നും പോയിക്കഴിഞ്ഞാൽ ആകുട്ടിയെ മുറിച്ചുമാറ്റുന്ന ബന്ധമാണോ വേണ്ടത് ചേർത്തു നിർത്തുന്ന ബന്ധമാണോ വേണ്ടത് എന്നൊക്കെയുണ്ട്. നാകിന്റെ പല ചോദ്യങ്ങളോടും നമുക്ക് വിയോജിപ്പുണ്ട്. പക്ഷെ ഈ മെട്രിക്സിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല. ആ കുട്ടി പുറത്തുപോയാൽ ആ കുട്ടിയെ നമ്മൾ ട്രാക് ചെയ്യുകയുന്ന രീതി ഉണ്ടോ എന്ന് ചോദിക്കുന്നത് തെറ്റായി തോന്നിയിട്ടില്ല എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

8.153 പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.19

Smt. SONA P moved the resolution

അദ്ധ്യാപകർക്ക് 1.1.2016 മുതൽ 2.11.2017 വരെയുള്ള കാലയളവിൽ മാത്രം എം.ഫിൽ - പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകാനാണ് MHRD വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ 2018 ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം അദ്ധ്യാപകർക്ക് യോഗ്യത കൈവരിക്കുന്ന മുറയ്ക്ക് എം.ഫിൽ - പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകണം എന്നാണ്. ഇതിൽ സമയ നിബന്ധന ഇല്ല. കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. റെഗുലേഷനാണ് ബാധകം എന്നതിനാൽ തീയ്യതി സംബന്ധിച്ച്

MHRD ഉന്നയിക്കുന്ന തടസവാദങ്ങൾ പുനഃപരിശോധിക്കണമെന്നും യു.ജി.സി. റെഗുലേഷൻസ് അനുശാസിക്കുന്ന പ്രകാരം തന്നെ അദ്ധ്യാപകർക്ക് ആനുകൂല്യം അനുവദിക്കണമെന്നും MHRD യോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.154 ഡോ. സുരേഷ് കുമാർ കെ.എസ് പ്രമേയത്തെ പിന്താങ്ങി.

8.155 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.20

Smt. SONA P moved the resolution

യുജി തലത്തിൽ ചോദ്യപേപ്പറിന്റെ ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനത്തിലൂടെ ഒരു സെമസ്റ്റർ പരീക്ഷ നടത്തിക്കഴിഞ്ഞ സാഹചര്യത്തിൽ ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളെ കുറിച്ചും ആവശ്യമായ നവീകരണങ്ങളെ കുറിച്ചും വിലയിരുത്താൻ റിവ്യൂ മീറ്റിംഗ് നടത്തണമന്നും ആവശ്യമെങ്കിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്നും ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.156 ഡോ. ഷനോജ് എം.പി പ്രമേയത്തെ പിന്താങ്ങി.

8.157 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.21

Sri. SAJU P.J. moved the resolution

കേരളത്തിലെ സർവ്വകലാശാല ജീവനക്കാരുടെ മുഴുവൻ ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും സർക്കാർ ജീവനക്കാരുടേതിന് തുല്യമായി സർക്കാർ പൊതു ഫണ്ടിൽ നിന്നും 2023-24 സാമ്പത്തിക വർഷം മുതൽ നേരിട്ട് നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

8.158 ശ്രീ. സാരംഗ് കെ പ്രമേയത്തെ പിന്താങ്ങി.

8.159 അപ്പോൾ സർവ്വകലാശാലയുടെ ഓട്ടോണമി നഷ്ടപ്പെട്ടുപോകില്ലേ എന്നും പ്രമേയത്തെ അനുകൂലിക്കുന്നതായും ഡോ. ആർ.കെ ബിജു പറഞ്ഞു.

8.160 പ്രമേയം സഭ അംഗീകരിച്ചു.

Resolution No.22

Dr. R.K BIJU moved the resolution

കണ്ണൂർ സർവ്വകലാശാലയിൽ പഠന ബോർഡുകൾ നിലവിലില്ലാത്തതായിട്ട് ഒരു വർഷത്തിൽ കൂടുതലായിരിക്കെ, പിജി കരിക്കുലം റീ സ്ട്രെക്ചർ ചെയ്യുവാൻ വേണ്ടി സമാന്തര പഠന ബോർഡ് രൂപീകരിച്ച നടപടി പിൻവലിക്കണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.161 16/02/2023 ന് സർവ്വകലാശാല ഇറക്കിയ ഉത്തരവിൽ പി.ജി കരിക്കുലത്തിന്റെ റീ സ്ട്രെക്ചറിങ്ങുമായി ബന്ധപ്പെട്ട് സർവ്വകലാശാല ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റിയിൽ ഒരു വർഷം ഒരു ദിവസം പോലും പി.ജി ടീച്ചിങ് പരിചയമോ നിലവിൽ ഗൈഡുമാരോ അത്തരത്തിൽ ഗവേഷണ മേഖലയിൽ ഇടപെടുകയോ ചെയ്യാത്ത അദ്ധ്യാപകർ അക്കൈ പി.ജി കരിക്കുലം റീ സ്ട്രെച്ചറിങ്ങിൽ അംഗങ്ങളായിട്ടുണ്ട്. അവർ യു.ജി യിൽ കൃത്യമായിട്ട് ചെയ്യുന്നവരാണ്. പഠന ബോർഡുകൾ കുറേ വർഷമായിട്ട് ഇല്ല. ഇത്തരത്തിലുള്ള സമാന്തര ബോർഡുകൾ രൂപീകരിച്ചുകൊണ്ട് ചെയ്യുന്നതിൽ അപാകതയുണ്ട്. അങ്ങിനെ

രൂപീകരിക്കുന്നുണ്ടെങ്കിൽ തന്നെ മികച്ചവരെ ഉൾപ്പെടുത്താതെ നമ്മുടെ സർവ്വക ലാശാല തലത്തിൽ തന്നെ ഉള്ളവരെ ഉൾപ്പെടുത്തി ഒരു സമാന്തര ബോർഡ് ഓഫ് സ്റ്റഡീസ് ആണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് ഡോ. ആർ.കെ ബിജു പറഞ്ഞു.

8.162 ഇത് പിൻവലിക്കണമെന്നും. സർവ്വകലാശാലയിലുള്ള അക്കാദമിക് പ്രവർത്തന ങ്ങൾ നടത്താൻ വിടില്ല എന്ന വാശി ഈ രീതിയിൽ അവതരിപ്പിച്ചത് ശരിയല്ല. ഒരു വർഷത്തിലേറെയായി ബോർഡില്ല. 2014 ലിലാണ് അവസാനമായി പി.ജി. കരിക്കുലം റിവൈസ് ചെയ്തത്. അതിനുള്ള ഒരു ശ്രമം നടത്തുമ്പോൾ ഞങ്ങൾ അതിന് സമ്മതിക്കില്ല എന്ന് പറയുന്ന സമീപനം ശരിയല്ല. സർവ്വകലാശാലയുടെ നിയമ വ്യവസ്ഥയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് നമുക്ക് രൂപീകരിക്കപ്പെടേണ്ട ചില സാധ്യതകൾ കണ്ടുകൊണ്ടാണ് നമ്മളിപ്പോൾ ഇത് മുന്നോട്ട് വെച്ചിട്ടുള്ളത്. നമ്മുടെ സർവ്വകലാശാലയിൽ എക്സ്പേർട്ടുകൾ ആരും ഇല്ല എല്ലാവരും പുറ ത്താണ് എന്ന് ബഹു. അംഗം പറയുന്നതിൽ എന്താണ് ന്യായം ഉള്ളത്. ഈ സർവ്വ കലാശാലയിൽ ആരും ഇല്ല എന്ന് പറഞ്ഞാൽ ഈ സർവ്വകലാശാലയിൽ ഉള്ളവ രെല്ലാം അക്കാദമിക് ക്വാളിഫിക്കേഷൻ ഇല്ലാത്തവരാണോ. പി.ജി. പഠിപ്പിക്കുന്ന വരും ഗവേഷണം നടത്തുന്നവരും ആണ് ഇതിൽ ഉള്ളത്. വൈസ് ചാൻസിലർ തന്നെ അപ്രൂവ് ചെയ്ത കമ്മിറ്റിയാണ്. ആ കമ്മിറ്റി മാർച്ച് 15-ാം തീയ്യതി അതിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. വർക്ക്ഷോപ്പ് തുടങ്ങിക്കഴിഞ്ഞു. അടുത്ത ജൂൺ ആകുമ്പോഴേക്കും പുതിയ സിലബസ് നിലവിൽ വരണം. 2014 ലെ അതേ സില ബസ് തന്നെയാണോ അടുത്ത വർഷവും പഠിപ്പിക്കേണ്ടത്. സർവ്വകലാശാലയിൽ അക്കാദമിക പ്രവർത്തനം ഒരു കാരണവശാലും മുന്നോട്ട് പോകാൻ പറ്റില്ല എന്നുള്ള രീതിയിലേക്ക് ഈ പറയുന്ന സമാന്തര ബോർഡ് എന്ന ശൈലിയിലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സർവ്വകലാശാല പി.ജി. കോഴ്സുകൾ നിർത്തലാ ക്കുകയാണോ ചെയ്യേണ്ടത് എന്ന് സിൻഡിക്കേറ്റ് മെമ്പർ ശ്രീ. പ്രമോദ് കുമാർ കെ.വി പറഞ്ഞു.

8.163 അക്കാദമിക് കൗൺസിൽ അംഗങ്ങളും ഇതിൽ അംഗങ്ങളായിട്ടുണ്ട്. ആരെയെ ങ്കിലും ഉൾപ്പെടുത്തണമെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. ഇതിൽ കക്ഷി രാഷ്ട്രീ യമൊന്നും നോക്കേണ്ട ആവശ്യമില്ല. നല്ല സിലബസ് നമുക്ക് ലഭിക്കണമെന്ന് വൈസ് ചാൻസിലർ പറഞ്ഞു.

8.164 ചർച്ചകൾക്ക് ശേഷം പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.23

<u>Sri. SATHEESAN P.K.</u> moved the resolution

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് കോളേജു കളിലും അടുത്ത അദ്ധ്യയന വർഷം ഒരു ഡിഗ്രി കോഴ്സും ഒരു പി.ജി കോഴ്സും അനുവദിക്കണമെന്ന് പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

8.165 അപേക്ഷ സമർപ്പിച്ചവർക്ക് മാത്രമേ കൊടുക്കാൻ പറ്റൂമെന്നും ഈ പ്രമേയ ത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെടാത്തവർക്കും കൊടുക്കേണ്ട അവസ്ഥ ഉണ്ടാകും. ആവശ്യപ്പെട്ട കോളേജുകൾക്ക് അവിടെ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ച ശേഷം മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. ഇത് പ്രമേയത്തിലൂടെ കൊണ്ടുവരേണ്ടതല്ല എന്ന് ബഹു. മെമ്പർക്ക് കൃത്യമായിട്ട റിയാം. ഇവിടെ നിയതമായിട്ടുള്ള ഒരു പ്രൊസീജിർ ഉണ്ടാവുമ്പോൾ ഇതുപൊ

ലുള്ള പ്രമേയം കൊണ്ടുവരുന്നത് ശരിയല്ല എന്ന് സിൻഡിക്കേറ്റ് മെമ്പർ ഡോ. ടി പി അഷ്റഫ് പറഞ്ഞു.

8.166 ചർച്ചയ്ക്ക് ശേഷം പ്രമേയം സഭ തള്ളിക്കളഞ്ഞു.

Resolution No.24

Dr. SHANOJ M.P. moved the resolution

കണ്ണൂർ സർവ്വകലാശാലയിലെ ശാസ്ത്ര ഗവേഷണ സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മറ്റ് സർവ്വകലാശാലകളെ ആശ്രയിക്കേണ്ടി വരുന്നു. ഇതിന് പരിഹാരമായി ശാസ്ത്ര ഗവേഷണങ്ങൾക്കു സഹായകമാകുന്ന തരത്തിൽ കണ്ണൂർ സർവ്വകലാശാലയിൽ കോമൺ റിസർച്ച് ഫെസിലിറ്റി സെന്റർ ആരംഭിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

8.167 ഡോ. ജയകൃഷ്ണൻ ടി.വി പ്രമേയത്തെ പിന്താങ്ങി.

8.168 പ്രമേയം സഭ അംഗീകരിച്ചു.

8.169 സെനറ്റിന്റെ താഴെ പറഞ്ഞിരിക്കുന്ന കമ്മിറ്റികളുടെ മിനുട്സ് യോഗം അംഗീകരിച്ചു.

8.170 Minutes of the meeting of the Committee of the Senate on Annual Accounts and Audit Report held online on 22/3/2023.

**Members present:**

1. Pro Vice-Chancellor (Chairman) Sd/-
2. Sri.Ismail Olayikkara Sd/-
3. Sri.Jayakrishnan.T.V Sd/-
4. Dr.A.Ashokan Sd/-

The Committee scrutinised the annual accounts and audit report for the year 2019-20 approved by the Syndicate. The Committee recommended to place before the Senate meeting to be held on 30/3/2023.

The Committee expressed dissatisfaction over the delay in obtaining the audit report in a time bound manner. The Committee recommended to address the Govt. in this regard.

## 8.171 Meeting of the Committee of the Senate on Private College Staff held on 22/03/2023

Members Present

1. Pro. Vice Chancellor : sd/-
2. Dr. R.K. Biju : sd/-
3. Dr. Manjula K.V. : sd/-
4. Sri. Shanavas S.M : sd/-
5. Dr. Suresh Kumar K.S. : sd/-

സെനറ്റിന്റെ പ്രൈവറ്റ് കോളേജ് സ്റ്റാഫിന്റെ ഉപസമിതിയോഗം വിശദമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ സെനറ്റിന്റെ പരിഗണനയിലേക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

1. സൂപ്പർ ന്യൂമററി തസ്തികയായി കണ്ട് ഒഴിവാക്കിയ സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ നിലനിർത്തുക.
2. എല്ലാ കോളേജുകളിലും സ്റ്റോർ കീപ്പർ തസ്തിക നിലനിർത്തുക.
3. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക എല്ലാ കോളേജിലും അനുവദിക്കുക.
4. ലാബ്, ലൈബ്രറി തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ചാൽ തുടർന്ന് ക്ലറിക്കൽ തസ്തികയിലേക്ക് പ്രവേശിക്കുമ്പോൾ ആവശ്യമായ യോഗ്യത ഗവൺമെന്റ് കോളേജിന് തുല്യമാക്കുക.
5. സിൻഡിക്കേറ്റിൽ എയ്ഡഡ് കോളേജ് അനധ്യാപക ജീവനക്കാരെ ഉൾപ്പെടുത്തുക.
6. സെനറ്റ് അനധ്യാപക പ്രതിനിധികളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കുക.
7. കോളേജുകളിലെ സ്വീപ്പർ, സ്കാവഞ്ചർ, നൈറ്റ് വാച്ച്മാൻ, ഹോസ്റ്റൽ വാർഡൻ തസ്തിക പുനസ്ഥാപിക്കുക.
8. അധിക കോഴ്സുകൾ അനുവദിക്കുമ്പോൾ തന്നെ അതിന് ആനുപാതികമായി അനധ്യാപക തസ്തിക അനുവദിക്കുകയും നിയമങ്ങൾ നടത്തുകയും ചെയ്യുക.
9. റിട്ടയർമെന്റ് ചെയ്ത ജീവനക്കാരുടെ തസ്തികയിലേക്ക് കാലതാമസം വരുത്താതെ നിയമന നടപടികൾ സ്വീകരിക്കുക.

8.172 Minutes of the meeting of the Committee of the Senate on Annual Report held on 22/3/2023.

**Members present:**

| | |
|---|---|
| 1. Pro-Vice-Chancellor (Chairman) | Sd/- |
| 2. Dr.Dominic Thomas | Sd/- |
| 3. Smt.Sona.P | Sd/- |
| 4. Sri.T.Prabhakaran | Sd/- |

The Committee scrutinised the annual report for the year 2022 and recommended to report to the Senate.

8.173 Minutes of the meeting of the Committee of the Senate on Private College Staff held on 24/3/2022.

**Members present:**

| | |
|---|---|
| 1. Pro-Vice-Chancellor (Chairman) | Sd/- |
| 2. Dr.Manjula K V | Sd/- |

3. Dr.Johny Jose (Attended online)
4. Sri.Satheesan.P.K Sd/-
5. Dr.R.K.Biju Sd/-
6. Dr.Sureshkumar.K.S Sd/-
7. Sri.Shanavas.S.M Sd/-
8. Dr.Premachandran Keezhoth (Attended online)
9. Sri.Pramodkumar.K.V (Attended online)
(Convenor, Standing Committee of the Syndicate on Staff in Affiliated Colleges)

**Recommendations:**

1. If the feeding posts are vacant provision for direct recruitment may be made for Library Asst/Laboratory Asst. Amendment of Statute may be made in this regard.

2. To amend Statute to consider employees having prescribed qualifications for promoting to Mechanical/Technical Asst. on Private Aided College.

3. To amend Statute for including provision for appointment on die-in-harness.

4. To amend Statute for including the provisions of pay of I Grade Librarians as per UGC scale.

8.174 എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ പറയാമെന്ന് വൈസ് ചാൻസിലർ അറിയിച്ചു.

8.175 സർവ്വകലാശലയിലെ അംഗങ്ങൾ ബഹു. മുഖ്യമന്ത്രിയെയും ധനകാര്യ മന്ത്രിയെയും ഉന്നതവിദ്യാഭ്യസ മന്ത്രിയെയും ഒക്കെ കാണാൻ പോകുമ്പോൾ എന്താണ് സർവ്വകലാശാല ആവശ്യപ്പെടാൻ പോകുന്നത് എന്ന് എം.എൽ എ മാരുടെ ശ്രദ്ധയിൽ പെടുത്തുന്നത് നല്ലതാണ് എന്നും മന്ത്രിമാരെയൊക്കെ കാണാൻ പോകുമ്പോൾ എം.എൽ.എ മാരെ കൂടി കൂട്ടുന്നത് സർവ്വകലാശാലയ്ക്ക് കുറച്ചുകൂടി സഹായകരമാവുമെന്നും ശ്രീ. എം വിജിൻ പറഞ്ഞു.

8.176 സെനറ്റിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ അവസാനത്തെ സെനറ്റ് യോഗമാണ് എന്നും കഴിഞ്ഞ മൂന്നര വർഷക്കാലം വളരെ സജീവമായി സെനറ്റ് ചെർച്ചകളിൽ പങ്കെടുക്കുകയും വിഷയങ്ങൾ ചർച്ചചെയ്യാനും ജനാധിപത്യം ഒരു പരിധി വരെ സംരക്ഷിക്കുവാനും ശ്രമിക്കുകയും ചെയ്തു എന്നും സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർക്കും സിൻഡിക്കേറ്റ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നതായും ഡോ. ആർ കെ ബിജു പറഞ്ഞു.

8.177 കൃത്യം 12.25 ന് യോഗം അവസാനിച്ചതായി വൈസ് ചാൻസിലർ അറിയിച്ചു.

VICE- CHANCELLOR